ശ്രീധരന്റെ

# വേദാന്ത ദർശനം

പ്രസാധകർ:

ശ്രീധരദേശം ട്രസ്റ്റ്

ഗോവിന്ദമുട്ടം പി. ഒ.

പുതുപ്പള്ളി, കായംകുളം.

ശ്രീധരന്റെ

# വേദാന്ത ദർശനം

സാധു ശ്രീധരൻ

പ്രസാധകർ:

ശ്രീധരദേശം ട്രസ്റ്റ്

ഗോവിന്ദമുട്ടം പി. ഒ.

പുതുപ്പള്ളി, കായംകുളം.

Malayalam
Sreedharante Vedantha Darsanam
ശ്രീധരന്റെ വേദാന്തദർശനം

Author:
Sadhu Sreedharan

Published by:-
Sreedhara Desam Trust
Govindamuttam P. O.
Puthuppally, Kayamkulam.

Copies - 500

Copy Right Reserved

8th June 1993
25th Edavam 1168

Phone: 3465
Kayamkulam

---

Sreedhara Desam Trust express their gratitude to S. T. Reddiar & Sons for having Printed this Book on time.



## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ശ്രീധരബോധമനനം
ശ്രീധരപരിദേവനം
മഹാവാക്യ പൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധരശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്തവിഹായസ്സ്
ശ്രീധര വചനാമൃതം ഭാഗം -1
Do 2
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധരബോധകിരണം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാരസാഗരം
ഉത്തരഗീത
അവധൂതഗീത
ശ്രീ ഗോപാലഗീത
വേദാന്തസാരം
രാമഗോപാലം
ശ്രീധരം

# ഓം
# പുഷ്പാഞ്ജലി

ഉൺമയിതാക്കും പാക്കാം, ബോധാകാശത്തിൽപൂത്തു—
പുഞ്ചിരിതൂകും ബ്രഹ്മദർശനമീഗ്രന്ഥത്തിൽ.
ഒട്ടൊട്ടുശ്രമിക്കേണം—നിദിധ്യാസനം കൃത—
കൃത്യതനൽകിപുൽകി എത്തിക്കും ഹൃത്തിൽസത്യം.
യാഥാർത്ഥ്യം ഒന്നേഒന്ന്—സത്യവസ്തുവായാത്മ—
ജ്ഞാനികാം ദർശിക്കുന്നു—ദർശിക്കാൻ ക്ഷണിക്കുന്നു.
ആദിത്യൻ ചന്ദ്രൻ നക്ഷത്രങ്ങളും ജീവരാശി—
സർവ്വവും ഒന്നിൽതന്നെനിൽക്കുന്നിതത്യത്ഭുതം.
ചിന്മയൻ ശ്രീധരൻെറ വേദാന്തദർശനത്തിൽ—
കണ്ടിടാം പരമാത്ഥവീക്ഷണം അന്യാദൃശം.
പഠിച്ചു ബോധപൂർവ്വം മനനംചെയ്യുന്നാകിൽ—
വേദവേദാന്തസാരദർശനം ഈ ഗ്രന്ഥത്തിൽ—
വീക്ഷിക്കാം, രമിച്ചിടാം, സത്യം സുന്ദരം ശിവം!
ഛാന്ദോഗ്യവേദാന്തത്തിൻ വസ്തുത മനോഹര—
തത്വപന്ഥാവിലൂടെ ഗമിക്കാനേവരേയും
വെളിച്ചം യഥാവിധി നൽകിയാനയിക്കുന്ന—
ശ്രീധരദർശനമൊരത്ഭുതപ്രതിഭാസം—
സത്യവസ്തുവിലെത്തിച്ചേർക്കുന്നു—രമിച്ചിടാം.
കർമ്മങ്ങളെല്ലാം അർമ്മയ്കർപ്പിച്ചു കൃതാർത്ഥനായ്—
എത്തിച്ചേരുന്നു—മഹാതേജസ്വി—ജീവന്മുക്തി—
ഭാവനമാത്രമല്ല!!—നിത്യമുക്തിതൻ വടി—
വൊത്തുചേർന്നുല്ലസിപ്പൂ—ഭാവുകം ഭവിച്ചീടും.
രോമഹർഷനായ് ഞാനെൻ ഭ്രാതാവിൻ വിഭൂതികാം—
ആദരപൂർവ്വം ദർശിച്ചർപ്പിപ്പൂ പുഷ്പാഞ്ജലി!!

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

സപ്രശ്രയം ഭ്രാതാ.

ഓം
ശ്രീ ഗുരവേനമഃ

അറിയില്ലറിയില്ലറിയില്ലീതൊന്നുമേ,
തന്നെ അറിയാത്തോനന്യമറിയുമോ
തന്നെ അറിഞ്ഞവനാരാനുമുണ്ടെന്നോ
ബ്രഹ്മനോ, വിഷ്ണുവോ ശ്രീമഹാദേവനോ
ആരാനുമുണ്ടോ അളന്നൂഹൃദംബരം?

ഘോരമാം സാഗരം
ചിൽപ്രകാശശോഭിതം
കാണുമോ ശ്രീധരാ
അക്കരെഎങ്ങാനും

ചാടട്ടെ ഞാനമ്മേ
ചാടുമേ ഞാനെന്നും
ചാവില്ലവിടത്തിൽ
ചാവാനിടമില്ല.

മംഗളപൂരിതം
ചിൽപ്രകാശശോഭിതം
ബോധം മരിക്കയോ.

കണ്ണേതുറക്കനീ
അമൃതംവഴിഞ്ഞൊട്ടെ
അമൃതാർണ്ണവമതിൽ
മുങ്ങിവീതുമ്പുന്ന
ദിവ്യനയനമേ
ആനന്ദസാഗരേ
തൃപ്തിയതില്ലയോ?
അന്ത്യവുമില്ലയോ?

രമ്യ രമ്യ മോഹനാ
ആനന്ദമോഹനാ
അത്ഭുത അത്ഭുത
നിത്യപ്രഭാകരാ
നീആരു് നീആരു് നീആരു്

ആരറിവൂ ആരറിവൂ
ആരറിവൂ എന്നെ
ആരറിവൂ ആരറിവൂ
ആരറിവൂ ലോകം

നാമരൂപങ്ങളോ
മാഞ്ഞുപോം കുഞ്ഞേ
ബാക്കിവരുവതോ
ശ്രീധരാത്മാമാത്രം
നിന്നാത്മാമാത്രം

ലോകത്തിൻ നാമ
രൂപങ്ങളെ തൂക്കെടോ
ബാക്കിവരുവതേ
നീതന്നെ കാണെടോ

എവിടെയാണെവിടെ-
യാണെന്നുണ്ണീ,
എന്നുമൊളിവിലോ
നിലനില്പതാകവേ

വല്ലോരുമെങ്ങാനും
കണ്ടുപോയെന്നാലോ
നിൻ ദിവ്യപെരുമ്പറ
കേൾക്കാതെയാകുമോ

പാടാനുമാളില്ല
ആടാനുമാളില്ല
നേടാനുമൊന്നില്ല
നിന്നുള്ളിലല്ലയോ
സർവം ലോകം

പടച്ചവൻ ശക്തിക്ക
പരനിലം മതിയോടാ
ആകാശഗംഗയും
അവനുള്ളേ അല്ലയോ

ആനന്ദകുട്ടനെ
നീയൊട്ടുകണ്ടോടാ
കളിതന്നെ ചിരിതന്നെ
കണികാണാൻ കിട്ടുമോ

ശോകം നാശം കടന്നങ്ങങ-
തിഹർഷം പുണർന്നോനെ
എന്നാത്മാ ശ്രീധരനെ
കണികാണുമതെങ്ങും ഞാൻ
കണികാണുമതെന്നും ഞാൻ

ചെപ്പുണ്ട് മകുടത്തിൽ
മണിമുത്തുണ്ടങ്ങതിനുള്ളേ
നീ കാണും ജഗത്തെല്ലാം
അതിനുള്ളേ ഇരുപ്പെടോ

അന്തമററ ദേശമുണ്ട്
ആകാശഗംഗയുണ്ട്
അളന്നളന്നുതള്ളുന്ന
കാലവുമതിലുണ്ടേ

മനമേ നീ ശല്യമാകല്ലേ
കാണട്ടെ ഞാനങ്ങവനെ
നാമമില്ലാ രൂപത്തിൽ
രൂപമില്ലാ നാമത്തിൽ
നേരമില്ലാ ദേശത്തു്
ദേശമില്ലാ നേരത്തു്

അന്തമററോരു കാലത്തു്
അന്തമററോരു ദേശത്തു്
കണ്ടെത്തും ശ്രീധരനെ
ഗന്ധമൊന്നുമവിടില്ല
സുഗന്ധി അവനത്രേ
രസമൂറാനവിടൊന്നില്ല

അഖണ്ഡരസമാണവൻ
ഇരുട്ടില്ലവിടത്തിൽ
ജ്യോതിസ്സുമവിടില്ല
ഇരുട്ടും ജ്യോതിസ്സും
ജ്യോതിസാം ജ്യോതിസ്സ-
വന്നെന്തേ

സ്പർശിപ്പാൻ ദേഹമെവിടെ
വിദേഹനവനാണെടോ
ശബ്ദം കടന്നനിശ്ശബ്ദൻ
ആകാശഗതി മുട്ടിച്ചോൻ

അവനെ നീ കണ്ടിട്ടുണ്ടോ
അറിവാലേ ചിതയുക
അനുഭവേന അറിയുമേ

## 7

തിളച്ചജലമങ്ങതി
ലിട്ടതാം മഞ്ഞുകട്ടി
ജലമായി അതുതാനായി
ആയപോലറിവായി
അതുതന്നെയായി
തന്നെ താനെന്നപോലെ
ചമയുമേ അറിയുമേ
കണ്ടെത്തും ആത്മാവിനെ

ഓം
ശ്രീ ഗുരവേനമഃ

ഉപനിഷത് പരമ്പരയിൽ ഒന്നു്, രണ്ടു് എന്നു് ശ്രീരാമചന്ദ്രനെണ്ണമിട്ടു് ഈശ, കേന, കഠ, പ്രശ്ന, മുണ്ഡ, മാണ്ഡൂക്യ, തൈത്തരീ, ഐതരേയഞ്ചഛാന്ദോഗ്യം, ബൃഹദാരണ്യകം തഥാ എന്ന പ്രകാരത്തിൽ പോകുന്ന മുക്തികോപനിഷത്തിലെ നവമനാണ് പ്രധാനിയായ ഛാന്ദോഗ്യം ഇതിലെ പ്രതിപാദ്യത ബ്രഹ്മംതന്നെയാണ്. കർമ്മാപേക്ഷയില്ലാത്ത അദ്വൈതസിദ്ധാന്തമാണ് ഇതിൻെറ വിഷയമെന്നു് അവിതർക്കിതം പ്രതിപാദിച്ചിട്ടുണ്ടു്.

ശാസ്ത്രീകമാർഗ്ഗം വിട്ടു് കാടുകയറി പ്രാപ്യസ്ഥാനമെത്താതെ ഇരിക്കാനിടവരുത്താതെ ഗുരൂപാസന ചെയ്തു് അവിദ്യ കളഞ്ഞ് ആത്മാന്വേഷണം പൂർത്തിയാക്കാനാണ് ശ്രുതിഅരുളുന്നതു്.

ഉപ: ഈശം

"ഈശാവാസ്യമിദംസർവം
യത്കിഞ്ച ജഗത്യാംജഗത്
തേനത്യക്തേനഭുഞ്ജീഥാഃ
മാഗൃധ:കസ്യസ്വിദ്ധനം"

ഇന്ദ്രിയഗോചരമോ മനോഗോചരമോ ആയ സർവവും, അഥവാ ഗോചരവിധേയമാകാവുന്ന സർവവിഷയവും അതായതു് ഈ ജഗത്താകും ജഗത്തുമുഴുവനും ഈശ്വരപരിപൂരിതമാണ്. ഇപ്രകാരേണ അറിയും ജീവി ഈശ്വരസൃഷ്ടിപരമായ സർവവിഷയങ്ങളേയും തള്ളിക്കളഞ്ഞ് ആ ത്യാഗം കൊണ്ടുതന്നെ എങ്ങും നിറവുററുനിൽക്കുമാത്മാവിനെ അന്യമല്ലെന്നറിഞ്ഞ് താനായി നിലകൊള്ളുന്നു എന്നു് സ്വാനുഭവേന

അറിഞ്ഞ് ആസ്വദിച്ചാനന്ദിക്കാൻ കഴിയും. ഇങ്ങനത്രേ ശ്രുതിഘോഷിതം. ഇതേതരം ശ്രുതി അരുളറിഞ്ഞ് സ്വാത്മാവിൽ തൃപ്തിയടഞ്ഞ് നിലകൊള്ളുക. അല്ലാതെന്തിനു മററു സമ്പത്ത്.

കേനം 1–1

"കേനേഷിതംപതതി പ്രേഷിതംമനഃ
കേനപ്രാണഃപ്രഥമ:പ്രൈതിയുക്തഃ
കേനേഷിതാം വാചമിമാംവദന്തി
ചക്ഷു:ശ്രോത്രംക ഉദേവോയുനക്തി?"

യാതൊരുവൻെറ ബോധപ്രസരണത്താലാണോ മനസ്സിനറിയപ്പെട്ടതായി ഭവിക്കുന്നത്, യാതൊരറിവിനെ ആധാരമാക്കിയാണോ യുക്തമാംവിധം പ്രാണൻ പ്രവർത്തിക്കുന്നത്, ആരുടെ അറിവിനാലാണോ അതായത് ആരുടെ പ്രേരണയാലാണോ അതായത് ആരുടെ ബോധപ്രകടനത്താലാണോ വാക്കുകൾ വചസ്സിനെചെയ്യുന്നത്, യാതൊരു ബോധപ്രസരണത്താലാണോ കണ്ണ് കാതു മുതലായ ജ്ഞാനേന്ദ്രിയങ്ങൾ പ്രവർത്തനവിധേയമാകുന്നത്.

കേനം 1–2

"ശ്രോത്രസ്യശ്രോത്രം മനസോമനോയദ്
വാചോഹവാചംസഉപ്രാണസ്യപ്രാണ:
ചക്ഷുഷ:ചക്ഷുരതിമുച്യധീരാ:
പ്രേത്യാസ്മാല്ലോകാദമൃതാ ഭവന്തി"

ശ്രോത്രത്തിനു ശബ്ദസ്രോതസ്സായി നിലകൊള്ളുന്നവനും മനസ്സിനു മനനാദികൾചെയ്യുന്നതിനു ശക്തിപ്രദായകനും പ്രാണനു പ്രാണനംചെയ്യുവാൻ ശക്തി കൊടുക്കുന്നവനും, കണ്ണിനു കണ്ണു മനമാകുന്ന കണ്ണതിനു കണ്ണായിരിപ്പവനും ആയ

ആത്മാവാണ് താനെന്നറിഞ്ഞ് ധീരനായവൻ അമൃതമായ സ്വലോകേ രമിക്കുന്നു.

ഇപ്രകാരേണ പറഞ്ഞുതന്ന് ബ്രഹ്മത്തെ സ്പ്ഷ്ടമായി കാട്ടുന്നതിനായി അൽപ്പം ചില മന്ത്രങ്ങൾകൂടി നമ്മളുടെ പഠനവിഷയമായി തരുന്നുണ്ട്.

കേനം 4

"യദ്വാചാനഭ്യുദിതം
യേനവാഗ് അഭ്യുദ്യതേ
തദേവബ്രഹ്മംത്വംവിദ്ധി
നേദംയദിദമുപാസതേ "

യാതൊന്ന് വചസിനാൽ ഗോചരമാക്കപ്പെട്ടിട്ടില്ലയോ യാതൊന്നിനാൽ വാക്ക് വെളിവാക്കപ്പെട്ടിരിക്കുന്നുവോ, അതിനെ ബ്രഹ്മമെന്നറിഞ്ഞാലും, അല്ലാതെ ഇതു് ഇതു് എന്നുപാസിക്കപ്പെടുന്നതൊന്നു ബ്രഹ്മമല്ല.

കേനം 5

യന്മനസാനമനുതേ
യേനാഹുർമനോമതം
തദേവബ്രഹ്മംത്വംവിദ്ധി
നേദംയദിദമുപാസതേ'

യാതൊന്ന് മനസിന് മനനവിധേയമല്ലയോ യാതൊന്നിനാൽ മനസിനേയും മനോഗതവും അറിയപ്പെടുന്നുവോ അതിനെ ബ്രഹ്മമെന്നറിഞ്ഞാലും അതു് അതു് എന്നുപാസിക്കപ്പെടുന്നതൊന്നും ബ്രഹ്മമല്ല

കേനം 6

'യച്ചക്ഷുഷാന പശ്യതി
യേനചക്ഷുംശിപശ്യതി
തദേവ്ബ്രഹ്മ ത്വം വിദ്ധി
നേദംയദിദമുപാസതേ'

യാതൊന്നു് കണ്ണാൽ കാണപ്പെടുകയില്ലയോ യാതൊന്നിനാൽ കണ്ണു് വിഷയഗ്രഹണത്തിന് പ്രാപ്തമാക്കപ്പെടുന്നുവോ അതത്രേ ബ്രഹ്മം എന്നു് അറിഞ്ഞാലും, അല്ലാതെ ഇതു് ഇതു് എന്നുപാസിക്കപ്പെടുന്നവ അല്ല.

കേനം 7

''യച്ഛ്റോത്രേണ നശൃണോതി
യേനശ്രോത്രമിദംശ്രുതം
തദേവബ്രഹ്മംത്വംവിദ്ധി
നേദംയദിദമുപാസതേ''

കേൾവിക്ക വിധേയമല്ലാത്തതും, യാതൊന്നിനാൽ ശ്രോത്രം കേൾവിക്കു് പ്രാപ്തമായിത്തീരുന്നുവോ അതിനെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും. അല്ലാതെ ഇതെന്നറിഞ്ഞുപാസിക്കപ്പെടുന്ന ഒന്നും ബ്രഹ്മമല്ല. കേനം 8

'യത്പ്രാണേന ന പ്രാണിതി
യേനപ്രാണഃ പ്രണീയതേ
തദേവ ബ്രഹ്മ ത്വം വിദ്ധി
നേദംയദിദമുപാസതേ'

യാതൊന്നിനെ ഘ്രാണേന്ദ്രിയംകൊണ്ടു് മണത്തറിയാൻ പററുന്നില്ലയോ, യാതൊന്നിനാൽ ഘ്രാണേന്ദ്രിയം മണമറിയുന്നതിന് പര്യാപ്തമാകുന്നുവോ അതുതന്നെ ബ്രഹ്മമെന്നു് നീയറിയുക.

യാതൊന്നിനെ പ്രാണൻ ചേഷ്ടിപ്പിക്കുന്നില്ലയോ, യാതൊന്നിനാൽ പ്രാണൻ ചേഷ്ടിക്കപ്പെടുന്നുവോ അതത്രേ ബ്രഹ്മം.അല്ല ഇതെന്നറിയപ്പെട്ട് ഉപാസിക്കപ്പെടുന്നതു് ബ്രഹ്മമല്ല.

ഇങ്ങനെ എണ്ണി എണ്ണി പറഞ്ഞ് ഉപാസനാവിധേയത്തേയും അഥവാ വിഷയത്തേയും ബ്രഹ്മത്തേയും സയുക്തികം ശാസ്ത്രം കാട്ടിത്തരുന്നു.

ഇനിയും കഠോപനിഷത്തിലേക്ക് കടന്നാൽ എങ്ങനെയെന്നുകാണാം.

കഠം 2-ാംവല്ലി 15-16

'സർവ്വേവേദായത്പദമാമനന്തി
തപാംസി സർവാണിചയദ്വദന്തി
യദിശ്ചന്തോ ബ്രഹ്മചര്യം ചരന്തി
തത്തേപദം സംഗ്രഹേണ ബ്രവീമ്യോ-
മിത്യേതത്.

ഏതദ്ധ്യേവാക്ഷരം ബ്രഹ്മ
ഏതദ്ധ്യേവാക്ഷരം പരം
ഏതദ്ധ്യേവാക്ഷരം ജ്ഞാത്വാ
യോയദിച്ഛതിതസ്യതത്'

എല്ലാ വേദങ്ങളും യാതൊരു പദത്തെ പറയുന്നുവോ, എല്ലാ തപസ്സുകളും യാതൊന്നിനെ ഉന്നുന്നുവോ, യാതൊന്നാഗ്രഹിച്ചാണോ ബ്രഹ്മചര്യം നയിക്കുന്നതു് - അനുഷ്ഠിക്കുന്നതു് ആ പദത്തെ നിനക്കു ഞാൻ ചുരുക്കി പറഞ്ഞുതരാം. അതു് ഓം പദമാണ്.

ഈ അക്ഷരം ബ്രഹ്മംതന്നെയാണ്

ഈ അക്ഷരം ശ്രേഷ്ഠമായതാണ്

ഈ അക്ഷരത്തെ അറിയുന്നവൻ യാതൊന്നിച്ഛിക്കുന്നുവോ അതുതന്നെ ആയിത്തീരുന്നു.

തൈത്തരീയത്തിൽ നിന്നും അതിപ്രധാനമായ ഒരു മന്ത്രം പഠിക്കാം,

തൈത്തരീയ ബ്രഹ്മാനന്ദവല്ലി
അനു 9

'യതോവാചോ നിവർത്തന്തേ-അപ്രാപ്യമന-
സാസഹ
ആനന്ദം ബ്രഹ്മണോവിദ്വാൻ
ന ബിഭേതികതശ്ചനേതി
ഏതംഹ വാവ ന തപതി
കിമഹം സാധുനാകരവം
കിമഹം പാപമകരവമിതി

സയഏവം വിദ്വാനേതേ
ആത്മനം സ്പൃണുതേ
ഉഭേഹ്യേവൈഷഏതേ
ആത്മാനം സ്പൃണുതേ
യയേവംവേദ ഇത്യുനിഷത്,
'ഇതിനവമോ അനുവാക'

ഈ ഒരൊററ അനുവാകംകൊണ്ടുതന്നെ ആത്മവാൻ നിത്യമുക്തനാണെന്നും അവൻ പാപഭീതിയിൽനിന്നും നിർമുക്തനാണെന്നും കാണാം.

യാതൊന്നിനെ പ്രാപിക്കുവാൻ കഴിയാതെ വചസു കൾ മനസോടുകൂടി മടങ്ങുന്നുവോ അപ്രകാരേണയുള്ള ആനന്ദ ത്തെ ആത്മാവിനെ അറിയുന്നവൻ യാതൊന്നിനാലും ഭയ ത്തെ പ്രാപിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ — എന്തുകൊണ്ട് ഞാൻ നല്ലതിനെ ചെയ്തില്ല, എന്തുകൊണ്ട് ഞാൻ പാപ കർമ്മത്തെ ചെയ്തു ഇത്യാദിപശ്ചാത്താപ ചിന്തനമൊന്നും ആത്മവാനെ തപിപ്പിക്കുന്നില്ല.

'വേദവിനാശിനം നിത്യം
യഏനമജമവ്യയം
കഥംസപുരുഷപാത്ഥ
കംഘാതയതിഹന്തികം' ഗീത

ആത്മാവിനെ വൃദ്ധിക്ഷയങ്ങളില്ലാത്തവനായും ജന്മ നാശാദികളില്ലാത്തവനായും അറിയുന്നവൻ എങ്ങനെ കൊല്ലു കയോ കൊല്ലിക്കയോ ചെയ്യും.

'നൈനംഛിന്ദന്തി ശസ്ത്രാണി
നൈനംദഹതി പാവകഃ
നചൈനം ക്ലേദയന്ത്യാപോ
നശോഷയതിമാരുതഃ' ഗീത

അതിനെ ആയുധങ്ങൾ മുറിക്കുന്നില്ല, അഗ്നി അതി നെ ദഹിപ്പിക്കുന്നില്ല, ജലമതിനെ കുതിർക്കുന്നില്ല, മാരുത നതിനെ ശോഷിപ്പിക്കുന്നുമില്ല.

അവ്യക്തോയമചിന്ത്യോയം
അവികാര്യോയമുച്യതേ
തസ്മാദേവം വിദിത്വൈനം
നാനുശോചിതുമർഹസി ഗീത

ആത്മാ അവ്യക്തനാണ്, ചിന്താതീതനാണ്, വികാരത്തെ ചെയ്യുന്നതിൽനിന്നും മോചിതനാണ്. ഇപ്രകാരേണ അറിഞ്ഞിട്ട് എങ്ങനെ ദുഃഖവിധേയനാകും.

ഈ ആശയത്തെതന്നെയാണ് സ്പഷ്ടമായി ഉപനിഷത്ത് കാട്ടിതന്നിരിക്കുന്നത്. ആത്മാവിന് ആത്മാവെന്ന നിലയിൽ ആത്മദർശനമല്ലാതെ അന്യത് ദർശനമില്ല എന്നു പറഞ്ഞുവച്ചത്.

ഉപനിഷത്തുകളുടെ മകുടമണിയായി വിരാജിക്കുന്നതും, ശ്രീ ശങ്കരപാദർ തന്റെ ഗുരുവിന്റെ ഗുരുവിനെ അവതരിപ്പിക്കാനെടുത്തതുമായ മാണ്ഡൂക്യം ഒന്നു പഠിക്കതന്നെ വേണ്ടതാണല്ലോ.

'ഹരി ഓം—ഓമിത്യേദക്ഷരമിദംസർവ്വം
തസ്യോപവ്യാഖ്യാനം, ഭൂതംഭവത്
ഭവിഷ്യദിതിസർവ്വം ഓങ്കാരഏവ, യ
ച്ചാന്യത് ത്രികാലാതീതം തദപ്യോങ്കാ
രഏവ, സർവ്വംഹ്യേതദ് ബ്രഹ്മ, അയ
മാത്മാ ബ്രഹ്മ, സോയമാത്മാ ചതുഷ്
പാത് '

ഓം എന്നറിയപ്പെടുന്ന ഈ അക്ഷരംതന്നെയാണ്, അറിയപ്പെടുന്നതുമല്ലാത്തതുമായ സർവ്വവും, അതിന്റെ വ്യാഖ്യാനം ഉപനിഷത് ചൊല്ലുംപടി പഠിക്കാം.

ഭൂതം മുമ്പിനാലുള്ളത്, ഭവത് നിലവിലുള്ളത്, ഭവിഷ്യത് ഭാവിയിലുണ്ടാകാനിരിക്കുന്നത്, ഇനിയും ത്രികാലാതീതമായി വല്ലതുമവശേഷിക്കുന്നുവെങ്കിൽ അതും ഈ പ്രണവമായ സർവ്വാദരണീയമായ ഓങ്കാരംതന്നെ. ഈ പ്രകാരേണ

യുള്ള സർവ്വവും ബ്രഹ്മംതന്നെ. ഈ ആത്മാ ബ്രഹ്മം തന്നെ, ഇതേ തരത്തിലുള്ള ഈ ആത്മാ ചതുർവിധ ബോധ പ്രസരണത്തോടുകൂടിയതാകുന്നു.

ഇതു ശാസ്ത്രമാണ്, ശാസ്ത്ര വിവരണമാണ്, എന്നാൽ യുക്ത്യനുഭവങ്ങളും നാം കണ്ടെത്തണം.

ശബ്ദഗുണകമാകാശം–നിശബ്ദം ബ്രഹ്മലക്ഷണ മെന്നു ശ്രുതിഅരുളുണ്ട്. ആകാശത്തിൽനിന്നുമാണ് മറ്റെല്ലാ ഭൂതങ്ങളും ആവിർഭവിക്കുന്നതു്. ഇതിനു് ശാസ്ത്രസമ്മതവു മുണ്ടു്,

ഇതിൽ ഈശ്വരപ്രേരണയും വൈകാരികത്വവുംകൂടി യാകുമ്പോഠം പ്രപഞ്ചം അഥവാ ജഗത്താകും. ഇതിന്റെ മറു വശം കാണാം–ഒരു വശത്ത് ആകാശാദിഭൂതങ്ങളോടും അതി ന്റെ വൈകാരിക പ്രകൃതിയോടുംകൂടിയ ജഗത്തും മറുവശം ശബ്ദഹീനമായ – സ്തിമിതഗംഭീരമായ, വർണ്ണനാതീത നിർവ്വിശേഷമെന്നുമെത്തപ്പെടും. ശബ്ദം നിർവ്വിശേഷത്തി ലേക്കു് പരിണമിക്കുന്ന ഒരു ശാസ്ത്രംതന്നെ ഉണ്ടു്.

അടുത്തതായി നമുക്കു് അതിവിപുല വിസ്തരേണ വിവരിക്കപ്പെടുന്ന ഛാന്ദോഗ്യത്തിലെ ശബ്ദോപാസനയും അതിന്റെ നിർവിശേഷസംബന്ധിയായ ബ്രഹ്മോപാസന യും രണ്ടും നാം മനസിന്റെ സമനില നിലനിർത്തി അനുഗമി ക്കണം.

ഓങ്കാരം ബ്രഹ്മത്തോടേറ്റവുമടുത്തുനിൽക്കുന്ന ശബ്ദ മാണ്–പോരാ–അതുതന്നെയാണ്. നാമരൂപങ്ങളില്ലാത്ത ബ്ര ഹ്മത്തിന്റെ നാമരൂപങ്ങളായറിയപ്പെടുന്നതു് ഈ ഓം ആണ്. 'അഹ'മോ 'അയമാത്മാ' ഇവയൊന്നും ഇതിനോടു

ഒപ്പമാകുമെന്നു തോന്നുന്നില്ല. ഇപ്രകാരമുള്ള ഓം-ൻെറ ഉപാസനാപ്രയോഗത്തെയാണ് ശ്രുതി ഇതിൽ കാട്ടിതന്നിരിക്കുന്നതു്.

ബ്രഹ്മത്തെ അറിയുവാൻ ഉപാസനാവിവരണമാരംഭിക്കലായി. ഓങ്കാരധ്വനി നാസികാമാർഗ്ഗ സഞ്ചാരിയെന്നു കണ്ടു് നാസിക,പ്രാണനെ ഉപാസിച്ചുനോക്കി. എന്നാൽ അതിനെ ആസുരശക്തി ദുർഗന്ധംകൊണ്ടു് വേധിക്കയാൽ ആ പ്രയത്നത്തിൽനിന്നും മടങ്ങേണ്ടിവന്നു. പിന്നീടു് വാക്കിനെ പ്രാണനായി ഉപാസിച്ചു് അതിനേയും അസുരശക്തികൾക്ക ദൂഷിപ്പിക്കാൻ കഴിഞ്ഞു. അനന്തരം ചക്ഷു, പ്രാണനെ പരീക്ഷിച്ചു അതും അതുപോലെ വേധിക്കപ്പെട്ടു. അതായതു് വേണ്ടതും വേണ്ടാത്തതും നല്ലതും ചീത്തയും കണ്ടു തുടങ്ങി. അടുത്തതായി ശ്രോത്രപ്രാണനെ ഉപാസനായോഗ്യമോ എന്നുനോക്കി. അതും നല്ലതും ചീത്തയും കേൾക്കുന്നു എന്നറിഞ്ഞതും പോരെന്നുകണ്ടു. അടുത്തതായി മാനസപ്രവർത്തകനായ പ്രാണനെ ഉപാസനാവിധേയനാക്കാൻ പരിശോധിച്ചപ്പോൾ അതും ദൂഷിപ്പിൽ പ്രവേശിക്കപ്പെടുന്നുഎന്നുകണ്ടു് വിരമിച്ചു.

പിന്നീടു് മുഖകമലസ്ഥനായ പ്രാണനെ സമീപിച്ചു് ഇതിനെ ഒരുവിധേനയും ആസുരശക്തികൾക്ക് ദൂഷിപ്പിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ ഈ പരീക്ഷണത്തിൻെറ വിജയം കണ്ടെത്തി.

'ഏവം യഥാശ്മാനമാഖണ മൃത്വാവിധ്വംസത
ഏവം ഹൈവസവിധ്വംസതേയ ഏവം
വിദിപാപം കാമയതേയശ്ചൈനം
അഭിദാസതിസ ഏഷോഽശ്മാഖണഃ

ഛാ-2-8

ഇപ്രകാരേണ പ്രാണനെ അറിഞ്ഞുനിലകൊള്ളുന്നവനെ ദ്രോഹിക്കാനുദ്ദേശിക്കുന്നവനും ഉപദ്രവിക്കുന്നവനും ഉറപ്പുള്ള പാറയിൽ തട്ടിയ മണ്ണാങ്കട്ട നശിച്ചപോലെ നശിക്കും.

ഛാന്ദോ 2—9

നൈവേതേന സുരഭിനദുർഗ്ഗന്ധി
വിജാനാത്യപഹതപാപ്മാ
ഹ്യേഷതേന യദശ്നോതി
യത്പിബതിതേനേതരാൻ
പ്രാണാനവതി, ഏതമു
ഏവാന്തതോഽവിത്വോത്
ക്രാമതി വ്യാദദാത്യേവാന്തത ഇതി.

ഇവിടെ വരുന്നേരം ഒരു കടമ്പ ചാടേണ്ടതുണ്ട്. ഈ മുഖ്യപ്രാണൻ സുരഭിയേയും ദുർഗ്ഗന്ധിയേയും അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതു് പാപരഹിതനാകുന്നു. ഇതിനെ വിവരിക്കാം. 'രാമൻ വീട്ടിൽ കയറിവന്നു, ആരാണെന്നു് ചോദിച്ചു. ഞാനെന്നു് മറുപടി പറഞ്ഞു. ഞാനെന്നു പറഞ്ഞാൽ വീണ്ടും ചോദിച്ചതിനു് വടക്കേടത്തെ രാമനെന്നു് മറുപടി. ഓഹോ എന്താ വിശേഷം. പറയാം—

'അഹം ബ്രഹ്മാസ്മി' യെന്നാണ് മഹാവാക്യം. ഇതിലെ അഹം മാററി രാമനെന്ന വിശേഷം ചേർക്കലാണ ല്ലോ ചെയ്തതു്. അഹം മാററി രാമനെന്നാക്കിയാൽ അതു് മഹാവാക്യമാകയില്ല. കാരണം രാമപദവിശേഷണം ബ്രഹ്മത്തെ കാട്ടണമെന്നില്ല.

ആ രാമനിൽ പലതും പററിപ്പിടിച്ചു നിൽപ്പുണ്ടു്. ഉപാധിരഹിതമത്രേ ബ്രഹ്മം. അതായതു് അഹത്തിനഹമേ

ഉള്ളൂ. അഹം ബ്രഹ്മവുമാണ്. അഹമെന്നതിനെ തെളിച്ച തെളിച്ച ചെന്നാൽ ബ്രഹ്മത്തിൽ നിലനിൽക്കുന്ന എന്നന്ന ഭേപ്പെട്ടം. ആയപോലെ പ്രകൃതത്തിലെ മുഖ്യ പ്രാണൻ സുരഭി, ദുർഗ്ഗന്ധാദി അഭിരുചികൾക്കതീതമായി ബ്രഹ്മ സമാനം നിലകൊള്ളുന്നെന്നുകാണാം. ഈ പ്രാണനെക്കൊണ്ട് സൗരഭ്യമുള്ളതിനേയോ ദുർഗ്ഗന്ധിയായതിനേയോ ലോകമോ ജീവനോ അറിയുന്നില്ല.

ഇതിനെ പിണിയാളാക്കി, മുന്നാളാക്കി എന്തശിക്കുന്നുവോ എന്തു് പാനംചെയ്യുന്നുവോ ആയതിനെആധാരമാക്കി മററു പ്രാണങ്ങൾ അശനപാനാദി നടത്തി നിലനിൽക്കുന്നു, അഥവാ മുഖ്യപ്രാണനാൽ നിലനിർത്തപ്പെടുന്നു. ഇവിടെ ആലംഘനീയനായും പാപം പററാത്തവനായും, ആസുരവിദ്യ ഏൽക്കാത്തവനായും, സുശക്തനായും, ഏവരാലുമനുഗമിക്കപ്പെടുന്നവനായും ഉള്ള മുഖ്യപ്രാണനെ എടുത്തുകാട്ടി പറഞ്ഞതാണ് മുൻമന്ത്രം.

വേദം, അഗ്നിഉപാസന തൊട്ട് വായു, ഇന്ദ്രൻ, മിത്രൻ, വരുണൻ എന്നു തുടങ്ങിപ്പോകുന്നു. ഛാന്ദോഗ്യമാകട്ടെ ഓങ്കാരദ്വാര പ്രാണോപാസനയിലാരംഭിച്ചിടുന്നു. ഈ അതിപ്രധാനമായയിതിനെ ഛാന്ദോഗ്യപ്രഭയിൽ പററിനിന്നു് വേണ്ടുവോളം അറിയുക,

'തംഹാആംഗിരാ ഉദ്ഗീഥ മുപാസാം—
ചക്രേ, ഏതമു ഏവാംഗിരസം
മന്യന്തേ$\int$ംഗാനാം യദ്രസഃ

ഛാ 2-10

ഈ മനോഹരമായ അവതരണം നാമേവർക്കും അത്യന്തം അഭിമാനിക്കാവുന്ന ഒന്നാണ്.

ഓം എന്ന അക്ഷരം ഗായത്രീതന്നെയാണ്,

ഗയാൽ പ്രാണൻ ത്രായതേസ ഗായത്രീ. ഉടനീളമുള്ള ശരീരത്തിൽ അംഗംതോറും നിറവുററുനിൽക്കുന്ന പ്രാണനെ യാതൊരു ശബ്ദം രസപൂരിതമാക്കി ത്രാണനംചെയ്യുന്നുവോ ഊർദ്ധ്വഗതിക്ക് സഹായകമായി നിൽക്കുന്നതു് ആ ശബ്ദം ഓംകാരം തന്നെ- അതിനെ ഉദ്ഗീഥമെന്നു പറയപ്പെടുന്നു. സർവ്വാംഗങ്ങളിലും നിറവുററു നിൽക്കുന്ന പ്രാണനെ രസപൂരിതനാക്കിതീർത്തു് ഉത്ഥാനാർഹനാക്കുന്നതിനാൽ അംഗിരസായി എന്നു വാച്യം. അതായതു് ഈ ഓം മന്ത്രത്തെ പ്രയോഗിച്ച് ഉദ്ധാരണംചെയ്യുമ്പോഠം ഉണ്ടാകുന്ന രസത്തെയാണ് ഇവിടെ വ്യക്തമാക്കി അംഗിരസ എന്നു കാട്ടുന്നതു്.

തേന തംഹ ബൃഹസ്പതിരുദ്ഗീഥമുപാസനാം—
ചക്ര ഏതമു ഏവ ബൃഹസ്പതിം മന്യ—
ന്തേ, വാഗ്ഘി ബൃഹതി തസ്യാം ഏഷപതിഃ
ഛാ 2-11

യാതൊരു പ്രധാനിയായ പ്രാണനെയാണോ ബൃഹസ്പതി ഉദ്ഗീഥാലുപാസിച്ചതു് അതിനെ ഋഷികഠം ബൃഹസ്പതി എന്നു വ്യവഹരിക്കുന്നു എന്തെന്നാൽ ആ പ്രാണനാണ് വാക്കുകളെ നിയന്ത്രിക്കുന്നതു്. അങ്ങനെ ബൃഹതിയെ നിയന്ത്രിക്കുന്ന പതിയെ ബൃഹസ്പതി എന്നാക്കി കൂട്ടി എന്നു ശ്രുതി. എന്നാൽ ഇവിടെ ഉപാസകനായ ഋഷി അതാതു പേരിലറിയപ്പെടുന്നതായും പറയുന്നു.

എന്നാൽ അപ്രകാരം ഉപരിപ്ലവ അർത്ഥകൽപ്പനകൊണ്ടു് തൃപ്തിപ്പെടരുതു്. ആ ഋഷി ആ പ്രാണൻതന്നെ ആയിത്തീർന്നു എന്നുകൂടി മനസിലാക്കണം. എന്തെന്നാൽ ഉപാസകൻ ഉപാസ്യദേവതതന്നെയായേ മോചിതനാകൂ. അപ്രകാര

മിരിക്കെ നമ്മുടെ ഉപാസകരായ ഋഷികൾ അതാതു പ്രാണ നായിതീരുകകൊണ്ടു് അതാതു പേരിനാൽ അറിയപ്പെടുന്നു.

'വാദിക്കാൻ ഹേതുവും നാനാ–
ത്ഥങ്ങളും കൊണ്ടുതീർത്തവ
എണ്ണമററുള്ളോരവയിൽ
വേദാന്തം സാത്വികമതം' ദേവീഭാഗ

ഇങ്ങനെ ദേവീപക്ഷമിരിക്കവേ നാം വളരെ കരുതി വേണം നീങ്ങുവാൻ. ഛാന്ദോഗ്യത്തിൻെറ അടുത്ത നീക്കം നമ്മേ സവിത്ഥരുപാസനയിലേക്കാഹ്വാനിക്കലാണ്. അതി ലേക്കു സാവധാനം കടക്കാം.

ഉദ്ഗീഥേന പ്രാണോപാസനചെയ്തു ആദിത്യനിലുള്ള സവിതാവിനെ തൻെറ പ്രാണനായി താനായി കാണലാണ് ഗായത്രിയും കാട്ടുന്നതു്. അപ്പോലെ.

'അഥാധിദൈവതം യ ഏവാ/സൗതപതി
തമുദ്ഗീഥ മുപാസിത, ഉദ്യന്വാ ഏഷ
പ്രജാഭ്യ ഉദ്ഗായതി. ഉദ്യംസ്തമോ ഭയമ—
പഹന്ത്യപഹന്താഹ വൈഭയസ്യതമ-
സോ ഭവതീയ ഏവംവേദ ഛാ 1–3

ഇതു് അധിദൈവതമായ ഉപാസനയെ പറയുന്നു. ഇവിടെയും ഉപസ്യദേവതയും ഉപാസകനും ഒന്നാകലാണ്. ഇവിടെയെല്ലാമുപാസിക്കപ്പെടുന്ന ദേവത താൻതന്നെയാണെ ന്നുറപ്പിക്കലാണ് കണ്ടുവരുന്നതു്.

വെളിക്കുപരിലസിക്കുന്നേ ബൃഹത്തും അകത്തറിയുന്ന

സർവ്വം ഏകമെന്നറിഞ്ഞ് ഏകമായിരിക്കലാണ് സായുജ്യമോചനം. ഇങ്ങനെ ഉദ്ഗീഥ ഉപാസനം പറഞ്ഞു.

ഇനിയും അടുത്ത ഭാഗത്തേക്കു കടക്കാം.

'ഏതം സർവ്വാണി ഭൂതാനി
പ്രതിഭാതി സ്ഥിതാനിച
യത്രൈവോപശമം യാന്തി
തസ്മൈ സത്യാത്മനേ നമഃ

ജ്ഞാതാ, ജ്ഞാനം തഥാജ്ഞേയം
ദ്രഷ്ടാ ദർശന ദൃശ്യഭൂഃ
കർത്താഹേതു ക്രിയായസ്മാ
ത്തസ്മൈ ജ്ഞപ്ത്യാത്മനേ നമഃ'

ദിവി ഭൂമൌ യഥാകാശേ
ബഹിരന്തശ്ചമേ വിഭുഃ
യോവിഭാത്യവ ഭാസാത്മാ
തസ്മൈസർവ്വാത്മനേ നമഃ — വാസിഷ്ടം

ദ്യോവിലും ക്ഷിതിയിലും
ആകാശദേശത്തിലും
ആവിധം പുറമേയും
ഉള്ളിലുമൊരുപോലെ
വ്യാപിച്ചുകൊണ്ടു ശുദ്ധ
ജ്ഞാനമേ സ്വരൂപമായ്
ശോഭിക്കും സർവ്വാത്മാവാ-
മതിന്നു നമസ്കാരം. — മലയാളം

യാതൊന്നാണോ ജ്ഞാതാവായും ജ്ഞാനമായും അറി

യപ്പെട്ടം വസ്തുതത്വമായും അതുപോലെതന്നെ കാണുന്നവനായും കാണപ്പെട്ടം വസ്തുതത്വമായും ആയപോലെ കർത്താവായും, കാരണമായും ക്രിയയായുമറിയപ്പെടുന്നതു് ആ ബോധാത്മാവിനായികൊണ്ടാണ് നമസ്ക്കാരത്തെ ചെയ്യുന്നതു്. ഇവിടെ ആത്മസ്ഥാനത്ത് നിൽക്കുന്നതിനേയും. അറിവിനേയും, അറിയപ്പെട്ടം വസ്തുതത്വത്തേയും ഒന്നായറിഞ്ഞ് നമസ്ക്കാരത്തെ ചെയ്താണ് ബോധിപ്പിക്കുന്നതു്. അതുപോലെതന്നെയാണ് ആത്മാവിനേയും കാരണക്രിയാദികളേയും ബോധമായ ഒന്നായി കണ്ടാണ് നമസ്ക്കാരത്തെ ചെയ്തുകാട്ടുന്നതു്.

ശ്രദ്ധേയമായ ഈ പ്രതിപാദ്യതയിലേക്ക് അൽപ്പം കൂടി കടക്കാം. ഇവിടെ ഒന്നാത്മാവാണ് അതണുവിലണുവെന്നും മററും പറയുമല്ലോ. പിന്നത്തേതു് തനി അറിവുതന്നെയാണ്. ഇതു് ക്രിയയാവുകയില്ല. പിന്നെ ഒരു വസ്തുതത്വമെന്നോ മററോ പറഞ്ഞുവയ്ക്കാം. അതുമാകുമോ എന്ന് കണ്ടുതന്നെ അറിയണം. അടുത്തതു് വസ്തുതത്വം തന്നെയാണു്, ഇതു് വിഷയമാണ്, എന്നാൽ ഉപാധി പററിയ ചൈതന്യംതന്നെ ആകാം. അറിവിൽപ്പെട്ടം നാനാ വസ്തു തത്വബോധവുമാകാം. ഇവയെ എല്ലാമേകീകരിച്ച് ഒന്നാക്കിയതിനെയാണ് ഗുരുനാഥൻ ശ്രീവസിഷ്ടൻ നമസ്ക്കാരത്തെ ചെയ്തുകാട്ടുന്നതു്.

ഇവകരം ഏകീകരിക്കപ്പെടുക സാദ്ധ്യമോ, ഇതാത്മാവാകുമോ, ഈ അന്വേഷണമാണ് നമ്മുടെ വിഷയം.

"വാഗ്ഭാമിർ ബ്രഹ്മിവിദ് ബ്രഹ്മ
ഭാസിസ്വപ്ന ഇവാത്മ നീ
യദിദം തത് സ്വശബ്ദോ നൈർ —
യോയദേത്തിസ വേത്തി തത്,

ന്യായേനാനേന ലോകേസ്മിൻ
സർഗ്ഗേ ബ്രഹ്മാംബരേസതി
കിമിദം കസ്യകുത്രേതി
ചോദ്യമൂചേ നിരാകൃതം

അഹംതാവദ് യഥാജ്ഞാനം
യഥാവസ്തു യഥാക്രമം
യഥാസ്വഭാവം തത്സർവ്വം
വാച്മിദം ശ്രൂയതാംബുധാ

സ്വപ്നവത്പശ്യതി ജഗച്ഛിന്ന
ഭോ ദേഹിവിത് സ്വയം
സ്വപ്ന സംസാര ദൃഷ്ടാന്ത
ഏവാഹംത്വം സമന്വിതം''

വാസിഷ്ടം—ഉത്പത്തി

''അനുഭൂതേർ വേദനസ്യ
പ്രതിപത്തേർ യഥാഭിദം
പ്രത്യക്ഷമിതിനാമേഹ
കൃതജീവസ ഏവനഃ

സ ഏവ സംവിത് സപ്വമാ—
നഹന്താ പ്രത്യയാത്മകഃ
സയദോ ദേദി സംവിത്യാ
സ്വപദാർത്ഥ ഇതിസ്മൃത''

അഭിനന്ദ വീക്ഷണം

ഇതിൻെറ താൽപ്പര്യത്തെ പരിഗണനയിൽ വേഗം കൊണ്ടുവരാൻ ശ്രീ ശാമുമേനോൻെറ വാസിഷ്ടംകൂടി ഉദ്ധരിക്കാം.

മന്നിങ്കലനുഭൂതി വേദനം പ്രതിപത്തി
എന്നെല്ലാം പ്രാമാണികരോതുന്ന പ്രത്യക്ഷത്തെ
ആയതുതന്നെയാണു നമ്മുടെ ജീവനെന്നു
നീയറിയുക നന്നായ്കാകുൽസ്ഥ ശിഖാമണേ
ഓർത്താലും സുഷുപ്തിയിലാ ജീവൻ
സംവിൻമാത്രരൂപനായ് വിളങ്ങീ
ടുന്നു രഘുപതേ

ശ്രീരാമ സ്വപ്നത്തിലും ജാഗരത്തിലുമഹങ്കാരമായതും പുമാനായതും ജീവൻതന്നെ. സംവിത്യാഘടപടാദ്യങ്ങളായ് ഭവിച്ചോരജ്ജീവനെ തന്നെ പദാർത്ഥമെന്നോതീടുന്നു. ഇത്രയും അതിഗഹനശാസ്ത്രഭാഗങ്ങൾ ശ്രീ വാത്മീകി മുനി മുഖേന നമുക്കു കാട്ടിത്തന്നു. ഈ ശാസ്ത്രത്തിന്റെ മററു വശങ്ങളിലും പ്രവേശിക്കാം.

അഥതത ഊർദ്ധ്വ ഉദേദ്യനൈവ ഉദേതാ
നാസ്തമേതാ, ഏകല ഏവമദ്ധ്യേസ്ഥാ
താ, തദ്ദേഷശ്ലോകഃ

ഛാന്ദോഗ്യം 3—1—11

അഥതത ഇപ്രകാരം നാനാവിധത്തിലുള്ള ഉപാസനകളെ പറഞ്ഞശേഷം, ഊർദ്ധ്വാ ഊർദ്ധ്വനായി തീർന്നിട്ടുണ്ട്. ഉദ്യതേ, ഉയർന്നിട്ട് സ ഏവ ഉദേത, ഉദയത്തെ കടന്നു നില കൊള്ളുന്നതായിട്ട്, ന അസ്തം ഏത, അസ്തത്തെ പ്രാപിക്കാത്തവനായി നിലകൊണ്ടും, ഏകല ഏവ, ഒററയായിട്ട്, മദ്ധ്യേ, മദ്ധ്യകേന്ദ്രത്തിൽ, ബിന്ദുസ്ഥാനേ, സ്ഥാതാ, സ്ഥിതനായിട്ട് നിലകൊള്ളുന്നവനായി ഭവിച്ചു. ഇപ്രകാരേണ ശ്ലോകം,

ഇതേപോലെ തന്നെ സമാധി പഠിപ്പിക്കുന്നിടത്തും ഒന്നിലധികം ശ്ലോകം ഇതുപോലെ കാൺമാനുണ്ട്.

അന്തശൂന്യോ ബഹിർശൂന്യ ശൂന്യകുംഭ
ഇവാംബരേ
അന്തപൂർണ്ണോബഹിപൂർണ്ണഃ
പൂർണ്ണകുംഭ ഇവാർണ്ണവേ

ശ്രീരാമഗീത
സമാധി 23

ഇതേവിധമായിതീർന്നിട്ട്, അതായത്ത് ആകാശത്ത് നിറുത്തിയിരിക്കുന്ന ഒരു കാലികുടത്തിൻെറ അകത്തും പുറത്തും ആകാശം മാത്രമായിരിക്കുംപോലെയും സമുദ്രാന്തർഭാഗത്തുവച്ചിരിക്കുന്ന വെള്ളംനിറച്ച കുടത്തിൻെറ അകവും പുറവും വെള്ളം മാത്രമായിരിക്കുംപോലെയും തന്നെ അകവും പുറവും നിറവുററതായ ആത്മാവായിട്ടറിഞ്ഞിട്ട് സ്വാനുഭവത്തിൽ സമാധിയിലറിഞ്ഞിട്ട് ആത്മവാൻ:—

ബാഹ്യചിന്താനകത്തവ്യ
തഥൈവാന്തരചിന്തനം
സർവ്വചിന്താം പരിത്യജ്യ
നകിഞ്ചിദപി ചിന്തയേൽ

വെളിക്കുള്ള കാര്യചിന്തനമെൻെറ ചുമതല ഒന്നുമല്ല. ആയപോലെ ഉള്ളിലേ കാര്യചിന്തനവും എന്നുറച്ചിട്ട് സർവ്വചിന്തകളും പരിത്യജിച്ചിട്ട് ഒരു ചിന്തയും ഒട്ടുപോലും ഇല്ലാതിരിക്കുക. ഇത്ത് ആത്മാന്വേഷണത്തിൻെറ ഏററവും ശുദ്ധമായ വഴിയാണ്.

നവൈതത്രനനിമ്ലോചനോദിയാ യ
കദാചന ദേവാസ്തേ നാഹം സത്യേന
മാവിരാധിഷാ ബ്രഹ്മണാ ഇതി

ഛാന്ദോ 3—11—12

ആ ബ്രഹ്മത്തിൽ ഒരിക്കലും സൂര്യനസ്തമിച്ചിട്ടില്ല, ദേവന്മാരേ ഞാൻ ബ്രഹ്മത്തോട് ആ സത്യത്തോട വിരുദ്ധനാവരുതേ.

സർവംഖല്വിദം ബ്രഹ്മ
തജ്ജലാനിതി ശാന്ത ഉപാസീത,
അഥഖലുക്രതുമയഃ പുരുഷോ
യഥാക്രതുരസ്മിൻ ലോകേ പുരുഷോ
ഭവതി തഥേതഃ പ്രേത്യ ഭവതി
സക്രതുംകുർവീത.

ഈ ജഗത്തു മുഴുവൻ ബ്രഹ്മമാണ്, ബ്രഹ്മത്തിൽ നിന്നു ജനിക്കുകയും, അതിൽതന്നെ ചരിക്കുകയും അതിൽതന്നെ ലയിക്കുകയും ചെയ്തുകൊണ്ട് പ്രശാന്തചിത്തനായി ഇതിനെ ഉപാസിക്ക. പുരുഷൻ നിശ്ചയസ്വരൂപനാകുന്നു. ലോകത്തിൽ പുരുഷൻ ഏതുവിധ നിശ്ചയത്തോടുകൂടി നില കൊള്ളുന്നുവോ അവൻ മരണാനന്തരം അതേപ്രകാരത്തിലുള്ളവനായി ഭവിക്കും.

മനോമയ പ്രാണശരീരോ, ഭാ രൂപഃ സത്യ—
സങ്കൽപ്പ, ആകാശാത്മ, സർവ്വകർമ്മാ, സർവ്വകാ—
മഃ, സർവ്വഗന്ധഃ, സർവരസഃ സർവ്വമിദമഭ്യാ—
ത്തോ൨വാക്യാനാദരഃ. ഏഷ മ ആത്മാ൨ന്ത
ർഹൃദയേ൨ണീയാൻ, വ്രീഹേർവ്വായ വാദ്വാ,
സർഷപാദ്വാ, ഏഷ മ ആത്മാ൨ന്തർഹൃദ—
യേജ്യായാൻ പൃഥിവ്യാ ജ്യായാനന്തരീക്ഷാ —
ജ്ജ്യായാൻ ദിവോ ജ്യായാനേഭ്യോ
ലോകേഭ്യഃ

ഛാ. 3—14—23

ഈ ഇവൻ മനോമയനും, പ്രാണനാകുന്ന ശരീരത്തോടു കൂടിയവനും, പ്രകാശസ്വരൂപിയും, സത്യമായ സങ്കൽപ്പത്തോടുകൂടിയവനും, ആകാശാത്മാവായവനും, സർവ്വകർമ്മ കർത്താവും അതായതു് സർവ്വകർമ്മത്തോടും പററിനിൽക്കുന്നവനും സർവ്വ ഗന്ധങ്ങളോടൊത്തവനും, സർവ്വരസവും, ഈ അറിയപ്പെടും സർവ്വവും വ്യാപിച്ചിരിക്കുന്നവനും, വാഗിന്ദ്രിയ മുതലായ ഇന്ദ്രിയങ്ങളെ കടന്നുനിൽക്കുന്നവനും, പരിഭ്രാന്തി ഇല്ലാത്തവനുമാകുന്നു. ഈ ആത്മാ അന്തർഹൃദയേ അണിമാവായും, ചണപയറിനേക്കാളും-സർഷപാത് കടുകുമണിയേക്കാളും ചെറുതാകുന്നു. ചാമയേക്കാളും ചാമഅരിയേക്കാളും ചെറുതാണ്. ഹൃദയമദ്ധ്യസ്ഥനായ എന്റെ ഈ ആത്മാ പൃഥിവിയേക്കാളും, അന്തരീക്ഷത്തെക്കാളും, ദ്യോവിനേക്കാളും എന്നല്ല ലോകമായ ലോകമാകമാനത്തേക്കാളും ബൃഹത്തുമാകുന്നു. ഇതു പോരാഞ്ഞിട്ടെന്നവണ്ണം ശ്രുതി വീണ്ടും അതിനെ ഉറപ്പിക്കുവാൻവേണ്ടി മറെറാരു മന്ത്രംകൂടി തരുന്നു.

സർവ്വകർമ്മ, സർവ്വകാമാ, സർവഗന്ധാ, സ —
ർവരസ സർവമിദ മദ്യാത്തോ/വാക്യാനാദ—
ര ഏഷ മ ആത്മാ/ന്തർഹൃദയ ഏതദ്
ബ്രഹ്മൈതമിതഃ പ്രേത്യാദി സംഭവി—
താസ്മീതിയസ്യ സ്യാദദ്ധാന വിചികിൽസാ
/സ്തീതിഹസ്മാ/ഹ ശാണ്ഡില്ല്യഃ ശാണ്ഡില്ല്യഃ

ഇതു മുൻവിവരണംപോലെ തന്നെ.

സയദവോചം പ്രാണം പ്രപദ്യ ഇതി പ്രാ—
ണോവാ ഇദംസർവഭൂതം യിദിദം കിംചതമേ —
വതത് പ്രാപത്സി, 3-16-4

ഈ ജഗത്തായ ജഗത്തുമുഴവൻ, ഈ ഭൂതങ്ങളെല്ലാം

തന്നെ പ്രാണനാകുന്നു. പ്രാണപ്രപദ്യേ എന്നു ഞാൻ പറഞ്ഞതു് ആ പ്രാണനെതന്നെ ഞാൻ ശരണം പ്രാപിച്ചിരിക്കുന്നു എന്നാണ്. ഇപ്രകാരംതന്നെയാണ് ഭൂവിനെ ഞാൻ ശരണം പ്രാപിക്കുന്നു. അന്തരീക്ഷത്തെ ഞാൻ ശരണം പ്രാപിക്കുന്നു എന്നപോലെ ദ്യോവിനേയും, ഇങ്ങനെതന്നെ ഭുവപ്രപദ്യേയെന്നും, അഗ്നിംപ്രപദ്യേയെന്നും, വായും പ്രപദ്യേയെന്നും പറയപ്പെട്ടിരിക്കുന്നതു്. ഇതേവിധം ആദിത്യം പ്രപദ്യേയെന്നും പറയപ്പെട്ടിരിക്കുന്നതു്. ഇപ്രകാരംതന്നെ ഋഗ്വേദത്തേയും യജുസിനേയും സാമത്തേയും ശരണം പ്രാപിക്കുന്നതായും പറയുന്നു.

ഇവയെല്ലാം ചിന്തനീയവിഷയങ്ങളാണ്. ഇതു സമയംപോലെ പറയാം.

> പുരുഷോവാവായജ്ഞ തസ്യയാനി ചതുർവിംശതി
> വർഷാണി തത് പ്രാത: സവനം ചതുർവിംശേത്യ—
> ക്ഷരാഗായത്രീ, ഗായത്രം പ്രാതസവനം തദസ്യ
> വസവോ/ന്വായണാഃ പ്രാണാ വാവ വസ—
> വ ഏതേഹീദം സർവം വാ സയന്തിഃ
>
> 3—16—1

പുരുഷോവാവ യജ്ഞപുരുഷൻതന്നെ യജ്ഞമാകുന്നു. അവന്റെ ആദ്യത്തെ ഇരുപത്തിനാലു വർഷം ഏതോ അതു് പ്രാതസവനമെന്നറിയപ്പെടുന്നു. ഇതു് പുരുഷന്റെ ആദ്യയജ്ഞമാകുന്നു. ഗായത്രി ഇരുപത്തിനാലക്ഷരമുള്ളതാണ്. ഇതിനെ ഈ ഗായത്രീഛന്ദസ്സിനെ പ്രാതസവന ഗായത്രീഛന്ദസായി കൽപ്പിക്കപ്പെട്ടിരീക്കുന്നു. ഈ ആദ്യയജ്ഞത്തിന്റെ, പുരുഷയജ്ഞത്തിന്റെ ആദ്യസവനത്തെ വസുക്കൾ അനുഗതരായിരിക്കുന്നു. ഇവകളെ എല്ലാം വസിപ്പിക്കുന്നതു് പ്രാണനാകയാൽ പ്രാണൻതന്നെയാണ്. വസുക്കൾ.

തം ചേദേ തസ്മിൻ വയസികിഞ്ചിത്
ഉപതപേത്, സബ്രൂയാത്—പ്രാണാ വസവ
ഇദംമേ പ്രാതഃ സവനം മാധ്യന്ദിനം
സവന മനുസംതനുതേതി,
മാഹം പ്രാണാനാം വസൂനാം മദ്ധ്യേ
യജ്ഞോവിലോ പ്സീയേതി,
ഉദ്ധൈവതത ഏത്യഗദോഹ ഭവതി

ഛാ. 3—16—2

ഈ പ്രായത്തിൽ ഒരുവനെ എന്തെങ്കിലും മരണകാരണനായ രോഗമുപദ്രവിക്കുന്നുവെങ്കിൽ അവൻ പറയണം, അല്ലയോ എന്റെ പ്രാണനാകുന്ന വസുക്കളെ എന്റെ ആദ്യസവനത്തോട് മാദ്ധ്യമ സവനത്തെ തുടർച്ചയായി യോജിപ്പിക്കുവിൻ. യജ്ഞമാകുന്ന ഞാൻ പ്രാണവസുക്കളുടെ മദ്ധ്യത്തിൽവച്ച് ഛേദിക്കപ്പെടാതിരിക്കട്ടെ. ഇങ്ങനെ പറഞ്ഞ് അതിൽനിന്നും ഉദ്ഗമിക്കുന്നു. രോഗവിമുക്തനായി തീരുക തന്നെ ചെയ്യും.

അഥയാനി ചതുശ്ചത്വാരിംശദ് വർഷാണി
തന്മാധ്യന്ദിനം സവനം ചതുശ്ചത്വാരിംശദ
ക്ഷരാത്രിഷ്ടുപ്, ത്രൈഷ്ടഭം മാധ്യന്ദിനം
സവനം തദസ്യ രുദ്രാ അന്വായത്താഃ
പ്രാണാ വാവരുദ്രാഃ ഏതേഹിദം സർവം
രോദയന്തി. ഛാ. 3—16—3

അടുത്തതായ നാൽപ്പത്തിനാലു വർഷം മാധ്യന്ദിനസവനമാണ്. ത്രിഷ്ടുപ്ഛന്ദസ് നാല്പത്തിനാലക്ഷരമുള്ളതാണ്. മുൻ സവനം ത്രിഷ്ടുപ്പുമായി ബന്ധപ്പെട്ടതാണ്. ഈ പുരുഷയജ്ഞത്തിന്റെ ഈ സവനത്തെ രുദ്രന്മാരനുഗതരായിരിക്കുന്നു, പ്രാണങ്ങളും തന്നെയാണ് രുദ്രന്മാർ. എന്തെ–

ന്നാൽ ഈ പ്രാണങ്ങരം ഈ പ്രാണിയായി ജാതരായവരെ എല്ലാം കരയിക്കുന്നുണ്ട്.

തംചേദേതസ്മിൻ വയസികിഞ്ചിദുപത—
പേത് സബ്രൂയാത് പ്രാണാരുദ്രാ ഇദംമേ
മാധ്യന്ദിനം സവനം ത്രിതീയസവനമന
സന്തനുതേതി, മാഹം പ്രാണാനാം
രുദ്രാണാം മധ്യേയജ്ഞോവിലോപ്സീയേ
തി, ഉദ്ധൈവ തത ഏത്യഗദോഹ
ഭവതി ഛാ· 3—16—4

ഈ യജ്ഞപുരുഷനെ മാദ്ധ്യംദിനസവനത്തിൽ ഏതെങ്കിലും രോഗമുപദ്രവിക്കുന്നുവെങ്കിൽ അവൻ—പ്രാണങ്ങളാകുന്ന രുദ്രന്മാരേ! ഇതെന്റെ മാദ്ധ്യംദിനസവനമാണ്. അതിനെ മൂൻസവനവുമായി ചേക്കുവിൻ, യജ്ഞപുരുഷനായ ഞാൻ പ്രാണങ്ങളാകുന്ന രുദ്രന്മാരുടെയിടയിൽവച്ച് ഇല്ലാതാകരുത്, ഇതുകൊണ്ടുതന്നെ അവൻ ആ യജ്ഞപുരുഷൻ ആപത്തിൽനിന്നും രക്ഷിക്കപ്പെടുന്നു. ഇതു തീർച്ചതന്നെയാണ്.

അഥയാന്യഷ്ടാ ചത്വാരിംശദ്വർഷാ—
ണി തത് തൃതീയ സവനം, അഷ്ടാ—
രിംശദക്ഷരാജഗതി, ജാഗതം തൃതീ—
യസവനം, തദസ്യാദിത്യാ അന്വായത്താഃ
പ്രാണാവാവാദിത്യാ, ഏതേഹീദം
സർവമാദദതേ.

ഛാ. 3—16—5

പിന്നീടുള്ള നാല്പത്തെട്ടു വർഷം തൃതീയസവനമാകുന്നു. ജഗതി എന്ന ഛന്ദസിനും നാല്പത്തെട്ടക്ഷരമാണുള്ളതു്.

ഈ പുരുഷയജ്ഞത്തിൻെറ തൃതീയസവനത്തെ ആദിത്യന്മാരനുഗതരായിരിക്കുന്നു. പ്രാണങ്ങളും ആദിത്യന്മാർ തന്നെയാണ്.

തംചേദോസ്മിൻ വയസികിംചിദുപതപേത്
സബ്രൂയാത് പ്രാണ ആദിത്യാഇദംമേ തൃതീയ
സവനമായുരനുസന്തനുതേതി മാഽഹം
പ്രാണാനാമാദിത്യാനാം മധ്യേയജ്ഞോവി
ലോപ്സീയേതി, ഉദ്ധൈവതത ഏത്യഗദോ
ഹഭവതി. ഛാ. 3—16—6

ഇവിടെ പ്രാണങ്ങളെ ആദിത്യന്മാരെന്നറിഞ്ഞ് ഈ ആദിത്യന്മാരുടെ ഇടയിൽവച്ച് ഈ സവനം നിലച്ചുപോകരുതേ എന്ന് പ്രാത്ഥിക്കണം. ഇപ്രകാരമായാൽ അവൻ ആ ഗ്രഹപ്പിഴയിൽനിന്നും മുക്തനാകുകതന്നെ തീർച്ച.

ഏതദ്ധസ്മ വൈ തദ്വിദ്വാനാഹ
മഹീദാസ ഐതരേയഃ
സകിംമ ഏതദുപതപസി
യോഽഹമനേന ന പ്രേഷ്യമീതിഃ
സഹഷോഡശം വർഷശതമജീവത്,
പ്രഹഷോഡശം വർഷശതം ജീവതി
യ ഏവം വേദ. 3—16—7

ഈ യജ്ഞദർശനത്തെ അറിഞ്ഞിട്ടുള്ള ഇതരയുടെ പുത്രൻ മഹീദാസനെന്ന പുരുഷൻ പറഞ്ഞു അല്ലയോ രോഗമേ നീ എന്നെ എന്തിനാണുപദ്രവിക്കുന്നത്. യജ്ഞപുരുഷനായ ഞാൻ നിൻെറ ഉപദ്രവത്താൽ മരിക്കയില്ല. നിൻെറ ഈ ശ്രമം വ്യത്ഥമാണ്. ഇപ്രകാരം മററുള്ളവർ ചെയ്താൽ അവരും നൂററിപതിനാറു വർഷം ജീവിക്കും.

തദ്ധൈതദ് ഘോരആംഗിരസ:
കൃഷ്ണായ ദേവകീ പുത്രായ ഉക്തോവാ--
ച, അപിപാസ ഏവസ ബഭൂവ,
സോ/ന്തവേലായാമേ തത്ത്രയം
പ്രതിപദ്യേത
അക്ഷിതമസ്യച്യുതമസി
പ്രാണസംശിതമസീതി
തത്രൈതേ ദ്വേഋചൗഭവതഃ

ഛാ. 3-17-6

ഇതേവിധത്തിലുള്ള ഈ യജ്ഞദർശനത്തെ ഘോരൻ എന്ന ഋഷി ദേവകീപുത്രനായ കൃഷ്ണനുപദേശിച്ചു. ഇതു കേട്ടിട്ട് മററു വിദ്യകളിൽ കൗതുകമിട്ടിട്ട് നിലകൊണ്ടു.

ഈ യജ്ഞദർശികൻെറ അന്ത്യകാലത്തു് മൂന്നു മന്ത്രങ്ങളെ ജപിക്കണം.

1) 'അക്ഷിതം അസി'
നീ നാശമില്ലാത്തവനാകുന്നു.
2) 'അച്യുതം അസി'
നീ സ്വസ്വരൂപത്തിൽനിന്നും മാററമില്ലാത്തവനാകുന്നു.
3) 'പ്രാണ സംശിതമസി'
നീ പ്രാണനും സൂക്ഷ്മവുമാകുന്നു,

മുൻപറഞ്ഞ മന്ത്രങ്ങൾ പറയുന്നതു് ഈ സവനകാലത്തു് ദുർദ്ദശ പ്രാപിച്ചാൽ മുൻപറഞ്ഞ മന്ത്രങ്ങളുടെ സ്മരണ കൊണ്ടതുമാറി നൂററി പതിനാറു വർഷവും സുഖമായിരിക്കുവാൻ സാധിക്കുമെന്നാണ് കാട്ടുന്നതു്, അതിനുദാഹരണമായി ഋഷിഘോരൻ നൂററിപതിനാറു വർഷം സുഖമായിരുന്നതായും അദ്ദേഹം ശ്രീകൃഷ്ണനായിക്കൊണ്ടു് ഇതു പറഞ്ഞുകൊടുത്തിരുന്നുവെന്നും ശ്രുതി വെളിപ്പെടുത്തുന്നു.

അങ്ങനെ ജനിച്ചവൻ ജനിച്ചുവെങ്കിൽ പൂർണ്ണായുഷ്മാനായി നൂററിപതിനാറു വർഷം ജീവിച്ചിരിക്കുവാനും തദന്ത്യത്തിൽ പൂർണ്ണനായി ബ്രഹ്മത്തിൽ നിലകൊള്ളുന്നതിനുള്ള മന്ത്രവും തന്നിരിക്കയാണ് ശ്രുതി.

അക്ഷിതം അസി
അച്യുതം അസി
പ്രാണസംശിതമസി

ഈ വിധേന ഉപാസകനെ ബ്രഹ്മമായിനിലനിർത്താൻ വരെ അനുഗ്രഹിച്ച് ശ്രുതി അരുളം നിലനിൽക്കുന്നു.

ഉപകോസലൻ എന്ന കൊച്ചൻ ഗുരുശുശ്രൂഷയും മററും ശരിക്കും ചെയ്തുവെങ്കിലും എന്തുകൊണ്ടോ ഗുരുപ്രത്യക്ഷത്തിൽ പ്രസാദിച്ചില്ല. മനോദുഃഖവ്യാധി ബാധിച്ച ആ കുട്ടി നിരാഹാരവൃതം തുടങ്ങി. ഇതുകണ്ട് സഹികെട്ടിട്ട് അഗ്നികൾ തന്നെ അവനു് ഉപദേശം കൊടുക്കാൻ തീർച്ചചെയ്തു.

പ്രാണ ബ്രഹ്മ — പ്രാണൻ ബ്രഹ്മമാണ്. 'കം' ബ്രഹ്മമാകുന്നു. 'ഖം' ബ്രഹ്മമാകുന്നു. 'കം' 'ഖം' ഇവ ബ്രഹ്മമാവതെങ്ങിനെ എന്നു ചോദിച്ചതിനു മറുപടി കം എന്നു പറവതേതോ അതുതന്നെ ഖം, ഖം എന്നു പറവതേതോ അതുതന്നെ കം എന്നു പറഞ്ഞുകൊടുത്തു.

ഇതിൻെറ ശങ്കരഭാഷ്യ വിവരണം അത്യന്തം മഹത്തരമാണ്. പ്രാണൻെറ അർത്ഥം എനിക്കു മനസ്സിലായിട്ടുണ്ട്. അതു് പ്രസിദ്ധവുമാണല്ലോ. ഏതു വായു വിശേഷമുള്ളപ്പോൾ ജീവനമുണ്ടായിരിക്കുന്നുവോ, യാതൊരു പ്രാണൻ പോകുമ്പോൾ ജീവനമില്ലാതാകുമോ ആ വായു വിശേഷത്തിനാണ ലോകേ പ്രാണശബ്ദം കൊടുത്തിരിക്കുന്നതു്. ആകകൊണ്ട് പ്രാണൻ ബ്രഹ്മമാണെന്നു പറഞ്ഞാൽ അതു് സമ്മതമാണ്.

കം എന്ന ശബ്ദാൽ സൂചിതസുഖം ക്ഷണികമാണ്. എന്നാൽ ഖം ആകാശത്തിൽപെടുന്ന ശബ്ദം ഖം ഒന്നെന്നു വരുന്നമെങ്കിൽ ആകാശം ഹൃദയാകാശമാകണം. ചിദാകാശമായിരിക്കണം. അങ്ങനെ ചിദാകാശത്തേയും സുഖത്തേയുമാണ് അഗ്നികൾ ഉപദേശിച്ചുകൊടുത്തതു്. ഇതും പൂർണ്ണമായില്ല എന്നുകണ്ടിട്ടു വീണ്ടും വിശദീകരിക്കുന്നതായിട്ട് കഥ തുടരുന്നു.

ഉപകോസലാ, ഇതു് അവർ ഉപദേശിച്ചതു് ലോകങ്ങളേആകുന്നുള്ളു. ബ്രഹ്മാകുന്നില്ല, ഈ ബ്രഹ്മത്തെ പററി ഞാൻ നിനക്കു പറഞ്ഞുതരാം.

ഈ അക്ഷിയിൽ കാണുന്ന പുരുഷനേതോ ആ പുരുഷനാണാത്മാവ്. ഈ ആത്മതത്വം നാശരഹിതവും ഭയരഹിതവുമാകുന്നു. ഇതു് ബ്രഹ്മമാകുന്നു. ഈ കണ്ണിനെ വിവേകരഹിതമായി ആരും കരുതുകയില്ലല്ലോ. സർവ്വജഗത്തിനേയും കാണുമാറു്, ബോധവിശാലവും മഹത്തരവുമാണിതു്. ഈ ദേഹിക്കു് ദേഹവിയോഗാനന്തരം മററുള്ളവർ ശവദാഹകർമ്മങ്ങൾ നടത്തിയാലുമില്ലെങ്കിലും അതിനതൊന്നും ബാധകമല്ല. ഇവിടെ പോകുംമാർഗ്ഗവും പറഞ്ഞുകാണുന്നു. ഇവിടെ പറയുന്ത്യയാത്രയിൽ അവനെ കൂട്ടിക്കൊണ്ടുപോകുവാൻ ഒരമാനവനായ പുരുഷനേയും പറയുന്നുണ്ടു്. അദ്ദേഹം ഇവരെ ബ്രഹ്മത്തെ പ്രാപിപ്പിക്കുന്നു. ഈ മാർഗ്ഗസഞ്ചാരി സൃഷ്ടിപരമായിട്ടാവർത്തിക്കുന്നില്ല. അതുപോലെ യജ്ഞം സർവലോകത്തേയും ശുദ്ധീകരിക്കുന്നു എന്നതു് ഒരു വാസ്തവ തത്വമാകുന്നു.

ഏഷഹ വൈയജ്ഞോയോ/യം പവതേ'
എഷഹയന്നിദം സർവ്വം പുനാതിതസ്മാദേ
ഷ ഏവയെജ്ഞ, സ്തസ്യമനശ്ച വാക്ച
വർത്തനീ. ഛാ. 4-16-1

ആരാണോ ഈ പരിശുദ്ധിയെ ചെയ്യുന്നതു് ആ ഈ വായു യജ്ഞംതന്നെയെന്നു പ്രസിദ്ധം. എങ്ങനെ എന്നാൽ ഈ വായു ഗമിച്ചുകൊണ്ടു ഈ സർവ്വത്തേയും ശുദ്ധമാക്കുന്നുവല്ലോ. ആകകൊണ്ടു് ഈ വായുതന്നെയാണെജ്ഞം. ഈ യജ്ഞത്തിന്റെ മാർഗ്ഗങ്ങൾ മനസ്സും വാക്കുമാകുന്നു.

പ്രജാപതിർ ലോകനഭ്യതപത്
തേഷാംതപ്യമാനാനാം രസാൻപ്രാവൃഹത്,
അഗ്നിം പൃഥിവ്യാ വായുമന്തരീക്ഷാദാദിത്യം
ദിവഃ ഛാ. 4-17-1

പ്രജാപതി ലോകങ്ങളെ തപിപ്പിച്ചിട്ടു്, ആലോകങ്ങളുടെ സാരഭൂതരസമെടുത്തു് പൃഥിവിയിൽനിന്നും അഗ്നി, അന്തരീക്ഷത്തിൽനിന്നും വായു ദ്യോവിൽനിന്നും ആദിത്യനേയും സങ്കല്പ ധ്യാനത്തെചെയ്തു,

സ ഏതാസ്ത്രിസ്രോ ദേവതാ അഭ്യതപത്‘
താസാം തപ്യമാനാനാം രസാൻ പ്രാവൃഹ
ത്, അഗ്നേർ ഋചോ, വായോർയജുംഷി,
സാമാന്യാദിത്യാത്. ഛാ. 4-17-2

പ്രജാപതി ഈ മൂന്നു ദേവതകളേയും സങ്കല്പിച്ചു് ആ ദേവതകളുടെ രസത്തെ എടുത്തഗ്നിയിൽനിന്നും ഋക്കിനേയും, വായുവിൽനിന്നും യജുസ്സുകളേയും സാമാന്യാദിത്യാത്.

ബ്രഹ്മാവു് ഈ മൂന്നു ദേവതകളേയും സങ്കല്പിച്ചു് ആ ദേവതകളുടെ രസത്തെ എടുത്തു് അഗ്നിയിൽനിന്നും ഋക്കിനേയും വായുവിൽനിന്നും യജുസിനേയും ആദിത്യനിൽ നിന്നും സാമങ്ങളേയും ഉൽപ്പാദിപ്പിച്ചു.

ഇത്രയുംകൊണ്ട് വേദങ്ങളുടെയെല്ലാം നിർമ്മാതാവ് ബ്രഹ്മാവെന്നുവന്നു.

ഓം യോഹവൈജ്യേഷ്ടം ച ശ്രേഷ്ടം ച
വേദജ്യേഷ്ഠശ്ച ഹവൈശ്രേഷ്ഠശ്ച ഭവതി
പ്രാണോവാവ ജ്യേഷ്ഠശ്ച ശ്രേഷ്ഠശ്ച

ഛാ 5—1—1

യാതൊരുവൻ ജ്യേഷ്ഠനേയും ശ്രേഷ്ഠനേയും അറിയുന്നതു് അവൻ ജ്യേഷ്ഠനും ശ്രേഷ്ഠനുമായി ഭവിക്കുന്നു.

ഇവിടെ പ്രാണൻ ജ്യേഷ്ഠനും ശ്രേഷ്ഠനും എന്നു പറയപ്പെടുന്നു.

പിന്നീട് ധനത്തിൻെറ ആധിപത്യം വാക്പതിയിലും, കണ്ണു പ്രതിഷ്ഠയിലും, ഇളക്കമില്ലായ്മയിലും, ഇങ്ങനെ ഓരോ ഗണനയെ ചെയ്തിട്ട്.

യോഹവാ ആയതനം വേദായതനം ഹ
സ്വാനാംഭവതി, മനോഹവാ ആയതനം

ഛാ 5—1—5

സർവ്വദാ ആശ്രയമായിരിക്കുന്ന മനസ്സിനെ സ്വാശ്രയമായറിയുന്നവൻ സർവ്വാശ്രയനായിത്തീരുന്നു.

ഇതുകഴിഞ്ഞത് വാക്ക്, കണ്ണ്, ചെവി, മനസ് മുതലായവക്കുപരിയായി നിൽക്കുന്ന പ്രാണൻെറ മുഖ്യത വെളിപ്പെടുത്തുന്നു. പിന്നെ പ്രാണൻെറ അന്നമെന്നതു് സർവ്വപ്രാണിവർഗ്ഗത്തിനും അന്നമായതെല്ലാം പ്രാണൻെറ അന്നവിഭാഗത്തിൽപ്പെടുന്നു എന്നു കാട്ടുന്ന പ്രാണൻെറ വസ്ത്രം ജലമാകുന്നു.

പ്രാണൻ പോകുമ്പോഠ ജലം നൽകണം. ജലം നാം നൽകുന്നുമുണ്ടല്ലോ. പ്രാണനു് ജലവുമായി മററു കട്ടത്ത ബന്ധവുമുണ്ടു്. പ്രാണവിദ്യ കഴിഞ്ഞു് ചോക്ഷവരവുകളുടെ കാര്യമായി. ഇക്കാര്യത്തിൽ അന്നത്തെ ബ്രാഹ്മണസമൂഹത്തിനുണ്ടായിരുന്ന അജ്ഞത പ്രവാഹണനെന്ന രാജാവു് ശ്രീ ഗൗതമനെന്ന ബ്രാഹ്മണനു പറഞ്ഞുകൊടുത്തു. അതിനുമുമ്പ് ക്ഷത്രിയൎക്കു മാത്രമുണ്ടായിരുന്ന ആത്മജ്ഞാനം ബ്രാഹ്മണൎക്കും മററു വൎഗ്ഗത്തിനും തെളിഞ്ഞുകിട്ടി.

തദ്യ ഇത്ഥം വിദുഃയേ ചേമേ/രണ്യേ
ശ്രദ്ധാതപ ഇത്യുപാസതേ തേർ/ച്ചിഷ—
മഭിസംഭവന്ത്യർച്ചിഷോ/ഹരഹ്ന ആപൂ
ര്യമാണ പക്ഷമാപൂര്യമാണപക്ഷാദ്യാൻ
ഷഡുദങ്ങേതി മാസാംസ്താൻ.

മാസേഭ്യഃ സംവൽസരം സംവൽസരാദാ
ദിത്യമാദിത്യച്ചന്ദ്രമസം ചന്ദ്രമസോവിദ്യുതം
തത് പുരുഷോ/മാനവഃ സ ഏനാൻബ്രഹ്മ
ഗമയത്യേഷ ദേവയാനഃ പന്ഥാഇതി.

ഛാ. 5–10–2

ഇങ്ങനെയാണ് ദേവയാനമെന്നു വിവരിച്ചിട്ടു് അടുത്ത പടി പിതൃലോകവിവരണം തുടങ്ങലായി.

ഇതൊക്കെ എന്താണ്, എങ്ങനെ വിശദീകരിക്കാം, ആരെങ്ങനെ വിശദീകരിച്ചു എന്നും മററുമുള്ളവ വളരെ പ്രയാസംതന്നെയാണ്. ഇവിടെ നമുക്കാവുംവിധം മഹത്സഹായംതേടി ആരാഞ്ഞുനോക്കാം.

അർച്ചിരാദിമാർഗ്ഗം പിന്തുടർന്നവരും ആരണ്യത്തിൽ ശ്രദ്ധ തപസ് മുതലായവ അനുഷ്ഠിച്ചുകഴിയുന്നവരും, അർ-

ഛരീരാഭിമാനികളായ ദേവതകളെ പ്രാപിക്കുന്നു. അതിൽനിന്നും പ്രകാശതൃപ്തരായ ദേവതകളേയും, പ്രകാശത്തിൽനിന്നും ശുക്ലപക്ഷദേവതകളേയും പ്രാപിക്കുന്നതായി പറയുന്നു. ഈ കാര്യങ്ങൾ കുഞ്ഞുങ്ങൾ സ്വപ്നം കാണുകയും ഉണർന്നെഴുന്നേററ് ചിന്താവിവശനാകയും അവ്യക്തത്തിൽ തപ്പുകയും ചെയ്യുംപോലെ അവ്യക്തമാണിതിലുടനീളം.

യേ ശീലയന്തി ശ്രീവിദ്യാം സാക്ഷാൽ
ബ്രഹ്മപതിവ്രതാം,
തേതീർത്വാ ദുസ്തരാം മായാ ലഭന്തേ
ബ്രഹ്മദർശനം.

സ ഏഷ വൈശ്വാനരോ വിശ്വരൂപഃ
പ്രാണോഽഗ്നിരുദേയതേ, തദേതദൃചാ
ഽഭ്യുക്തം

പ്രശ്നോപനിഷത്
1-8

സ്വാത്മാവും വിശ്വരൂപനും സഹപ്രാണാഗ്നിയുമായ ആ പ്രാണൻതന്നെയാണ് ഈ ഉദിക്കുന്നതു്. ഈ വസ്തുത ഋക്കിനാൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവമൃത്വിജം
ഹോതാരം രത്നധാതമം

യജ്ഞപുരുഷനിൽ അതായ ഋത്വിക്കിൽ ആഹവനീയാഗ്നിയായി നിലകൊള്ളുന്നവനും പ്രകാശസ്വരൂപിയും ജ്യോതിസാം ജ്യോതിസായും, അഭീഷ്ടത്തെ ചെയ്യുന്നവനായും, എല്ലാവിധ രത്നപ്രഭയാ പ്രശോഭിതനും ആയ അഗ്നിക്കായികൊണ്ടു് നമസ്ക്കാരം.

ഇതൽപ്പംകൂടി വെളിപ്പെടുത്താം. ആഹവനീയാഗ്നി ജീവൻതന്നെയാണ്. അതു് മൂലാധാരത്തിൽ നിലകൊള്ളുന്നു. 'മന ഏവ മനുഷ്യാണാം കാരണംബന്ധമോക്ഷയോ'. മനസ്സു ശുദ്ധമാകുമ്പോൾ ജീവൻ ജീവചിന്ത വെടിഞ്ഞ് ഉണർന്നുയരുകയായി. ഈ ഉയർച്ചയിൽ രന്ധ്രമായി നിലകൊള്ളുന്നതു് സുഷുമ്നയാണ്. ഈ സുഷുമ്നയിൽ ജീവൻപ്രവേശിച്ചാലുടൻ മുക്തിനിലയിലേക്കു് പ്രയാണം ചെയ്കലായി. ഇതിൽ പല ശ്രേഷ്ടനിലയങ്ങൾ വിവരിക്കപ്പെടുന്നുണ്ട്. ഈ നിലയങ്ങൾ ശബ്ദബ്രഹ്മത്തിന്റെ നികേതനവും മോക്ഷമാർഗ്ഗദർശികളുമാണ്. അതും വിവരിക്കാം. ദേഹവും വിശ്വവുമായുള്ള നിലയെന്തെന്നീതു മനസ്സിലാക്കും.

മൂലാധാരത്തിൽ നിലകൊള്ളുന്ന ചിത്രാഖ്യ നാഡിയിൽ കുറെ മുകളിലായി കുണ്ഡലിനീശക്തി ദീപശിഖാകൃതിയിൽ നിലകൊള്ളുന്നു. ഇതിന്റെ ചുററുമായി നാലു ദളങ്ങൾ പരിലസിക്കുന്നു. ഇവയിൽനിന്നും —വ—ശ—ഷ—സ ഇങ്ങനെ നാലു ശബ്ദങ്ങൾ ധ്വനിക്കുന്നു. ഇവിടെ സ്വർണ്ണവർണ്ണം കണ്ടെത്തും. ഇതിന്റെ മുകളിലായി സ്വാധിഷ്ടാനം നിലകൊള്ളുന്നു. ഇതു് ഷഡ്ദളങ്ങളിയലുന്നതാണ്. ഇതിൽനിന്നും—ബ—ഭ—മ—യ—ര—ല എന്ന ധ്വനികൾ ഉൽഭൂതമാകുന്നു. ഇതു് തീപോൽ പ്രശോഭിക്കുന്നു. അടുത്തതിനു് മണിപൂരമെന്നു പറയുന്നു. മിന്നൽപ്രകാശ പ്രഭയോടെ ഡ—ഢ—ണ—ത—ഥ—ദ—ധ—ന—പ—ഫ എന്നീ പത്തും ഇതന്റെ പത്തു ദളങ്ങളിൽ ധ്വനിക്കും. ശ്രീ മഹാവിഷ്ണു നിവാസം ഇതിൽ പറയപ്പെട്ടിരിക്കുന്നു. ഇതിന്റെ മുകളിലായി പന്ത്രണ്ടു ദളങ്ങളൊത്ത അനാഹതം ആധിത്യപ്രഭയോടെ ക—ഖ—ഗ—ഘ—ങ—ച—ഛ— ജ — ഝ — ഞ — ട — ഠ എന്നിങ്ങനെ ധ്വനിച്ചു നിലകൊള്ളുന്നു. ഇതു് രുദ്രവാസസ്ഥാനമായി പറയപ്പെടുന്നു. ഇതിനുംമുകളേ പതിനാറിതളുകളുള്ള വിശുദ്ധിനിലയം പ്രശോഭിക്കുന്നു. ഇവിടെ ധ്വനിക്കുന്ന

ധ്വനിസ്വരങ്ങളായ പതിനാറുമാണ്. ഇതു് ധൂമ്രവർണ്ണമായറിയുന്നു. അടുത്തതാജ്ഞാചക്രമാണ്. രണ്ടു് ഇതളുകൾമാത്രമുള്ളയിതിൽ—ഹ—ക്ഷ—ധ്വനിക്കുന്നു.

ഇതു് ആജ്ഞയെ ചെയ്യും ആത്മാവു വാഴുമിടമാണ്. കൈലാസമെന്നുപേർ പുകഴ്ന്നതാണടുത്തതു്. അതിനു മുകളിൽ രോധിനിയെന്നൊന്നുകൂടി പറയപ്പെടുന്നു. ഇതിനുമുയരെ ബിന്ദുസ്ഥാനം പറഞ്ഞുകാണുന്നു സഹസ്രദളപത്മമായ്.

വിശ്വരൂപം ഹരിണം ജാതവേദസം
പരായണം ജ്യോതിരേകം തപന്തം
സഹസ്രരശ്മിഃ ശതധാവർത്തമാനഃ
പ്രാണഃ പ്രജാനാമുദയത്യേഷഃ സൂര്യഃ

പ്രശ്നം 1-8

വിശ്വമാകുന്ന രൂപത്തോടുകൂടിയവനും
പ്രകാശരശ്മികളോടുകൂടിയവനും

ജ്ഞാനോത്ഭവസ്ഥാനവും പ്രാണങ്ങൾക്കാകെ ആശ്രയവും, ഏകമായ ജ്യോതിസ്സും തപിക്കുന്നവനും ആയ സൂര്യനെ ബ്രഹ്മവിത്തുകൾ അറിഞ്ഞിട്ടുണ്ട്. അന്തമില്ലാത്ത രശ്മിസമൂഹത്തോടും അനേകവിധത്തിൽ നിലകൊള്ളുന്നവനും പ്രജകളുടെ പ്രാണനുമാണ് ഏഷ ഉദയതി ഈ ഉദിച്ചു കാണുന്നതു്.

ഇത്രയും പറയുകകൊണ്ടു് മനുഷ്യപ്രാണനും സൂര്യനും ഒന്നുതന്നെയാണെന്നും, പുരുഷനിൽ ഉദയംചെയ്യുന്ന പ്രാണൻ തന്നെയാണ് ആദിത്യനായി പ്രാണനായി ഉദയംചെയ്യുന്നതായി കാട്ടിത്തരുന്നു ഇതു് അൽപ്പംകൂടി വിവരിക്കാം, സഹസ്രദളപത്മത്തിൽ ആത്മാ ഉദയംചെയ്യുന്നതു് അറിയാൻ കഴിയും. സൂര്യനുദിക്കുമ്പോൾ താമരകൾ വിലസുംപോലെ സഹസ്രദളപത്മവും 'ടിക്ക് ടിക്ക്' എന്ന ശബ്ദത്തോടെ

ഓരോ ദളവും വികസിപ്പിക്കലായി, ഈ പ്രാണ സൂര്യോദ യത്തിൽ നിമഗ്നമായി വിലസിത പത്മനായാൽ അവനാ ത്മവാനായി ജഗത് വിസ്മരണാനന്ദം മുതലായ ആനന്ദ നിമഗ്നനായി അഖണ്ഡൈകരസം ആസ്വദിക്കലായി. ഈ നില എത്തിയവൻ തിരിച്ചുവരവു പറഞ്ഞുകാണുന്നില്ല. ആയ പോലെ സൂര്യൻതന്നെ ആയിത്തീർന്ന ആത്മവാനും തിരി ച്ചുവരവില്ലതന്നെ എന്നു ശാസ്ത്രവുമുണ്ട്. 'തിലേഷുതൈല വദ് വേദേ വേദാന്തസുപ്രതിഷ്ടിതഃ' മുക്തികം. ഇവിടെ വീണ്ടും മുക്തി അനുഭവകാരണവിവരണം ശ്രുതിപറയുക യാണ്.

രാമാ–കേചിത് ത്വം നാമഭജനാത്
കാശ്യാം താരോപദേശതഃ
അന്യേത്തു സാംഖ്യയോഗേന
ഭക്തിയോഗേന ചാപരേ

മുക്തികം 1–16

അന്യേ വേദാന്ത വാക്യാത്ഥ —
വിചാരാത് പരമർഷയഃ
സാലോക്യാദി വിഭാഗേന
ചതുർത്ഥാ മുക്തിരീരിതാ മുക്തികം 1–17

കൈവല്ല്യമുക്തിരേകൈവ
പാരമാത്ഥിക രൂപിണീ
ദുരാചാരരതോവാപി
മന്നാമ ഭജനാത്കപേ 1–18

സാലോക്യമുക്തിമാപ്നോതി
നതു ലോകാന്തരാദികം
കാശ്യാംതു ബ്രഹ്മനാലേസ്മിൻ
മൃതൗമത്താരമാപ്നയാത് 19

പുനരാവൃത്തിരഹിതാം
മുക്തിം പ്രാപ്നോതി മാനവഃ
യത്രകുത്രാഹവാകാശ്യാം
മരണേ സ മഹേശ്വര:

ജന്തോദക്ഷിണ കർണ്ണേതു
മത്താരം സമുപാദിശേത്
നിർധൂതാശേഷ പാപൗഘോ
മത്സാരൂപ്യം ഭജത്യയം

ശൈവസാലോക്യ സാരൂപ്യ
മുക്തിരിത്യാദി ധീയതേ
സദാചാരരതോ ഭൂത്വാ
ദ്വിജോനിത്യമനന്യധീഃ

മയിസർവാത്മകേ ഭാവേ
മത്സാമീപ്യം ഭജത്യയം
ശൈവസാലോക്യ സാരൂപ്യ-
സാമീപ്യമുക്തിരിഷ്യതേ

ഗുരൂപദിഷ്ട മാർഗ്ഗേണ ധ്യായൻ
മദ്രൂപമവ്യയം
മത്സായൂജ്യം ദ്വിജഃ
സമ്യഗ്ഭജേദ് ഭ്രമരകീടവത്

ശൈവസായൂജ്യമുക്തി—
സ്യാദ് ബ്രഹ്മാനന്ദകരീ ശിവാ
ചതുർവിധാ തു യാമുക്തിർ—
മദുപാസനയാ ഭവേത്

പ്രാണോപാസനയെ അൽപ്പംകൂടി വിവരിക്കാം കരിങ്കല്ലുകൊണ്ടു നിർമ്മിച്ച ഒരു വിഗ്രഹത്തെ കൃഷ്ണനെന്നു് സങ്കൽപ്പിച്ചു് പല കർമ്മങ്ങളും ചെയ്യുന്നതിൽ പരമപ്രധാനം പ്രാണപ്രതിഷ്ഠയാണ്. ഇവിടെ കരിങ്കല്ല് ജഡമാണ്. ഉപാസകൻ ഉപാസിക്കുന്ന ദേവതയാകുകയാണ് അതിന്റെ അന്ത്യലക്ഷ്യം. കരിങ്കല്ലിനെ ഉപാസിച്ചാരും കരിങ്കല്ലായി ചമഞ്ഞ ചരിത്രമില്ല.

സ ഏവ സംവിത്സ്വപ്നമാന
ഹന്താ പ്രത്യയാത്മകഃ
സ യദോദേതീ സംവിത്യാ
സ്വപദാത്ഥ ഇതിസ്മൃതാ

സസങ്കൽപ്പവികൽപ്പാദൈ
കൃതനാനാഭ്രമോ ഭ്രമൈഃ
ജഗത്തയസ്ഫുരത്യംബു
തരംഗാദീ തയാ യഥാ — വാസിഷ്ടം

ഈ ന്യായമേ ഇതിനു ഘടിക്കുന്നുള്ളു. ചിത്ശക്തി പ്രസരത്താൽ പലതായി കാണപ്പെട്ട അഥവാ തോന്നപ്പെട്ട ജീവനെതന്നെയാണ് പദാർത്ഥമെന്നു് പറയപ്പെടുന്നതു്. സമുദ്രേ തിരമാലകൾ പലതായി കാണുംപോലെ ജഗത്തു് പുരുഷചൈതന്യത്തിൽ കാണപ്പെടുകയാണ് സംഭവിക്കുന്നതു്.

ഇനിയും നമുക്കു് മുക്തിവിഭാഗത്തേക്കു കടക്കാം. സാലോക്യം, സമീപ്യം, സാരൂപ്യം, സായൂജ്യം ഇങ്ങനെ നാലുവിധ സമ്പന്ധികൾ പറയപ്പെടുന്നു.

എന്നാൽ കൈവല്ല്യമുക്തി മാത്രമേ പരമാത്ഥമുക്തിയായി പറയപ്പെടൂ.

നാമഭജനം, ഉപാസന, തുടങ്ങിയ ശുദ്ധിമാർഗ്ഗങ്ങൾ സാലോക്യസമാധിയെ ചെയ്യും. കാശി എന്ന ബ്രഹ്മനാളത്തിൽ പ്രവേശിച്ച്, മരിക്കാനിടവന്നുപോയാൽ പുനരാവൃത്തിയില്ലാത്ത മുക്തിയെതന്നെ പ്രാപിക്കും. ആ,കാശിയെന്ന സുഷുമ്നയിൽ ജീവൻപ്രവേശിച്ച മരണമടഞ്ഞാൽ ജീവിയുടെ വലത്തേ ചെവിയിൽ ശ്രീമഹേശ്വരൻതന്നെ താരകമന്ത്രത്തെ പറഞ്ഞുകൊടുക്കും. സുഷുമ്നയിലറിയുന്ന കാശിയെ വാരണാസി എന്നും പറയും. വാരണാസി എന്നാൽ വാരണക്കും അസിക്കുമിടക്കുള്ളത്, എന്ന് ലൗകികത്തിൽ പറഞ്ഞാൽ പോരാ വാരണ എന്നാൽ, ഗണനാഥപീഠം അതിനും അസിപദത്തിനും അതായത്ത് സഹസ്രാരത്തിനുമിടക്കുള്ളിടം എന്നുംകൂടി ഓർക്കണം, അതുപോലെ അൽപ്പം ചില കാര്യങ്ങൾകൂടി ഓർക്കണം. ചിഛക്തി നിർവ്വാണസുഖദായിനിയാണ്, ചിദഗ്നികുണ്ഡ സംഭൂതയാണ്, ഭാനുമണ്ഡലമദ്ധ്യസ്ഥയാണ്, വഹ്നിമണ്ഡലവാസിനി ആണ്, ചിദേകരസരൂപിണിയാണ്, ഭക്തിമാനസത്തിലെ ഹംസമാണ്, ബിന്ദുമണ്ഡലവാസിനിയാണ്, വിശുദ്ധി ചക്രനിലയയാണ്, മൂലാധാരാംബുജാരൂഢയാണ്, സഹസ്രദളപത്മസ്ഥയാണ്, സവ്വർണ്ണോഭശോഭിതയാണ്. ഇങ്ങനെ ഇങ്ങനെ അനേക അനേക മോഹനവിവരണങ്ങൾ നമുക്ക ചിൽ ശക്തിയെപ്പററി ലളിതാസഹസ്രനാമത്തിൽ വേണ്ടുവോളം പറഞ്ഞുതന്നിട്ടുണ്ട്.

മൂലാധാരൈകനിലയാ
ബ്രഹ്മഗ്രന്ഥി വിഭേദിനീ

മണിപൂരാന്തരുദിതാ
വിഷ്ണുഗ്രന്ഥി വിഭേദിനീ

ആജ്ഞാചക്രാന്തരാ ളസ്ഥാ
രുദ്രഗ്രന്ഥി വിഭേദിനീ

സഹസ്രാരാംബുജാരൂഢാ
സുധാസാരാഭിവർഷിണീ

തടില്ലതാസമരുചി
ഷട്ചക്രോപരിസംസ്ഥിതാ

ഇങ്ങനെ വിവരിക്കപ്പെടുന്ന ചിദഗ്നി തന്നെയാണ് ആത്മാവായി ബ്രഹ്മമായി നിലകൊള്ളുന്നതു്,

ഇനിയും പ്രാണനിലേക്ക് കടന്നു് അതിൻെറ നില അറിയാം.

വായുർവ്വാവ സംവർഗ്ഗഃ യദാവാ
അഗ്നിരുദ്വായതി വായുരേവാപ്യേതി
യദാ സൂര്യോ അസ്തമേതി വായുരേവാ
പ്യേതി, യദാചന്ദ്രാ/സ്തമേതി, വായു
രേവാപ്യേതി

വായുവിൻെറ പ്രകൃതം പറഞ്ഞാൽ എല്ലാററിനേയും അതിൽ ലയിപ്പിക്കുക എന്നതാണ്, സംവർഗ്ഗം എന്ന പ്രകൃതത്തോടുകൂടിയതു്. തീ അണഞ്ഞാൽ വായുവിൽ ചേരുന്നു. സൂര്യൻ ഇല്ലാതായാൽ അതും വായുവിൽ ലയിക്കുന്നു. ചന്ദ്രനും തീരുമ്പോഠം വായുവിൽ ചേരുന്നു.

യദാപഉച്ഛുഷ്യന്തി വായുരേവാപി-
യന്തി, വായുർഹ്യേവൈതാൻ സർവാ
ൻ സംവൃങ്ക്ത ഇത്യധിദൈവതം

ഛാ. 4—3—2

വെള്ളം വററിയാൽ വായുവായി. വായു തന്നെയാണല്ലോ ഇവകളെ ഉഠംക്കൊള്ളുന്നതു്. ഇതു് ദേവതാവിഷയസംവർഗ്ഗം.

അഥാദ്ധ്യാത്മം, പ്രാണോവാവ
സംവര്‍ഗ്ഗഃ സ്വമഭാസ്വപിതി പ്രാണ—
മേവ വാഗപ്യേതി. പ്രാണംചക്ഷു
പ്രാണം ശ്രോത്രം, പ്രാണം മനഃ,
പ്രാണോ ഹ്യേവൈതാൻ സര്‍വ്വാൻ
സംവൃങ്ക്ത ഇതി. ഛാ. 4—3—3

ഇത് ആത്മവിഷയമായ സംവര്‍ഗ്ഗമാണ്. ഒരുത്തൻ ഉറങ്ങുമ്പോഠം വാഗിന്ദ്രിയം പ്രാണനിൽ ലയിക്കുന്നു. കണ്ണ് പ്രാണനിൽ, ശ്രോത്രം പ്രാണനിൽ, മനസ്സും പ്രാണനിൽ ലയിക്കുന്നു. പ്രാണൻ ഇവയെയെല്ലാമുഠംകൊണ്ടു പൂര്‍വ്വാധികം ശക്തിയായി പ്രവര്‍ത്തിച്ചുകൊണ്ടു നിലകൊള്ളുന്നു.

വെളിക്കു വായുവായും ഉള്ളിൽ പ്രാണനായും നിലകൊണ്ടു പ്രവര്‍ത്തിക്കുന്നു. സംവര്‍ഗ്ഗത്തെപ്പററി അൽപ്പംകൂടി പഠിച്ചിരിക്കേണ്ടതാണ്. ഇതു ജഗത്തിൽ ഈശ്വരന്റേതായി പ്രവര്‍ത്തിക്കുന്ന ഒരത്ഭുതസൃഷ്ടിയാണ്, ഒരത്ഭുതസിദ്ധി. ഇതു് ജഗത്നിര്‍മ്മാണത്തിനും നിലനിൽപ്പിനുംവേണ്ടി ചെയ്തിരിക്കുന്നതാണ്.

ഇതു് പദാര്‍ത്ഥങ്ങളിലാകമാനം കാണുന്നുണ്ടു്. ഉപ്പുകൊണ്ടുള്ള പൂര്‍ണ്ണലായിനിയിൽ പരളിട്ടാൽ ആ പരള് വലുതായി അതിന്റെ വര്‍ഗ്ഗത്തേ കാട്ടുന്ന രൂപംപ്രാപിക്കും. ഇതുപോലെ ഓരോ പദാര്‍ത്ഥങ്ങളും വര്‍ഗ്ഗസംരക്ഷണം നടത്തുന്നതറിയാൻ കഴിയും, സംവര്‍ഗ്ഗമെന്നതുകൊണ്ടു കാട്ടുന്നതു് ചിഛക്തി പ്രക്രിയയാണ്. അതായതു് ഒരുതരം ബോധപ്രക്രിയ. ഇതിനെ ഒരുതരം സഹജവാസനയെന്നും പറയാം. സഹജവാസന ആയാലും ബോധപ്രക്രിയ ആയാലും ബോധപ്രസരിപ്പുതന്നെ ഇതേപ്രകാരത്തിലുള്ള ബോധപ്രസരണത്തേയാണ് സംവര്‍ഗ്ഗംകുറിക്കുന്നതു്.

സംവിത്യാ ഘടപടാദ്യങ്ങളായ് ഭേദിച്ചോരു ജീവനെ തന്നെ പദാർത്ഥമെന്നോതീടുന്നു. —ശ്രീവസിഷ്ടൻ—

കാന്തക്കല്ലെന്നു പറഞ്ഞാൽ കല്ലും ശക്തിയും ചേർന്നതാണ്. ഈ ശക്തി കല്ലോടൊത്തുചേർന്നു നിൽക്കുന്നു. കല്ല് പദാർത്ഥമാണ്. ശക്തി അങ്ങനെയല്ല, പദാർത്ഥമെന്നത് പദത്തിന്റെ അർത്ഥത്തെ കാട്ടുന്നത്, അതിന്റെ വിഷയമായി നിലകൊള്ളുന്നവ വസ്തുതത്വം, ദേശകാലങ്ങാംക്ക വിധേയമായി നാമരൂപങ്ങളാൽ വിവിക്ഷിതമായി നിലകൊള്ളും വിഷയം. ചൈതന്യ പ്രേരണതന്നെയാണ് വിഷയ നിലനിൽപ്പിനുകാരണം.

ഇതിന്റെ ഉപനിഷത് സാധൂകരണംകൂടി അൽപ്പം ശ്രദ്ധിക്കുക. ഉദാഹരണത്തിനു് കേനത്തിലെ കഥഎടുക്കാം. ചിഛക്തി സർവ്വാധിപത്യം മനസിലാക്കിക്കൊടുക്കുവാനുള്ളതാണീ കഥ. പഞ്ചഭൂതങ്ങളിലെ ഊർജ്ജസ്വലത നിറഞ്ഞ അഗ്നിവായുക്കളേയും അതോടൊപ്പം ചേർന്നുനിൽക്കുന്ന ഇന്ദ്രനേയും ദേവരാജൻ അഥവാ മനസിനേയും ബ്രഹ്മശക്തി മാഹത്മ്യം കാട്ടിക്കൊടുക്കലാണിതിലെ താൽപ്പര്യം

സർവ്വം ദഹിപ്പിക്കുന്ന അഗ്നിക്ക് ഒരു പുൽക്കൊടി ഇട്ടുകൊടുത്തിട്ട് അതിനെദഹിപ്പിക്കൂ, കാണട്ടെ എന്നുപറഞ്ഞു, അഗ്നി അതിനുകഴിയാതെ മടങ്ങി, വായുവിനും ഒരു പുൽക്കൊടിയിട്ടിട്ട് അതിനെ പറത്താൻ പറഞ്ഞു. അതും കഴിയാഞ്ഞു പിരിഞ്ഞു. പിന്നീട് ദേവകാം സർവ്വേന്ദ്രിയ രാജാവായ ഇന്ദ്രനെ വിട്ടു. എന്നാൽ യക്ഷനെ കാണാൻപോലും സാധിച്ചില്ല. മനോനാശത്തിലേ മഹോദയമുണ്ടാകയുള്ളവല്ലോ. അങ്ങനിങ്ങനൊന്നും മാറാത്ത ഇന്ദ്രൻ അതിനെ അറിഞ്ഞേ അടങ്ങൂ എന്നുവച്ച് തപസായി. വിദ്യാസ്വരൂപിണി

യായ ഉമാഭഗവതി പ്രത്യക്ഷപ്പെട്ട് അതു് ബ്രഹ്മമാണെന്നു പറഞ്ഞുകൊടുത്തു മറഞ്ഞു. ഇതിലെ തത്വങ്ങൾ മനസിലാക്കുക. ബ്രഹ്മം വിട്ടാൽ, ബോധംവിട്ടാൽ കത്തലില്ല പറക്കലുമില്ല. മനോനാശം മഹോദയം മനസില്ലായിടത്തേ ബ്രഹ്മമെത്തപ്പെടൂ. ഇതിനു് വിദ്യാസ്വരൂപിണിയുടെ ഉപദേശവും ആവശ്യമായിവരും. ഇങ്ങനെ അഗ്നി വായുക്കളൊന്നും ഒന്നിനും പ്രാപ്തമല്ലെന്നും മനസിനു് കണ്ടെത്താൻപോലും സാധ്യമല്ലാത്തതാണ് ബ്രഹ്മമെന്നു കാട്ടിത്തരുന്നു, വിശ്വവിലക്ഷണം ബ്രഹ്മം. നാദാന്ദവടിവ് ബ്രഹ്മം. നിശബ്ദം ബ്രഹ്മലക്ഷണം. ഇങ്ങനെല്ലാമാണ് ബ്രഹ്മലക്ഷണം പറയപ്പെട്ടിരിക്കുന്നതു്.

ജീവൻ ബ്രഹ്മമാകണമെങ്കിൽ ജീവിക്കൽ എന്ന പ്രസ്ഥാനമുപേക്ഷിക്കണം. ജീവിക്കൽ എന്ന പ്രസ്ഥാനത്യാഗത്താൽ ജീവൻ കാണുകയില്ലെങ്കിലും തൽസ്ഥാനത്ത് ആത്മാ പ്രകാശിക്കും. ജീവബ്രഹ്മൈക്യം അതിലനുഭവപ്പെടും.

മനസങ്ങനെയല്ല, മനസ് കേവലം അവിദ്യതന്നെയാണ്. അവിദ്യാസ്തമയോമോക്ഷ എന്നാപ്തവാക്യവുമുണ്ട്. അപ്പോൾ മനസ് തീരെയില്ലാതായേ മോക്ഷം സാധ്യമാകൂ. മനോനാശം മഹോദയം എന്നുപറയുന്നുണ്ട്.

പ്രശാന്തവൃത്തികം ചിത്തം പരമാനന്ദദീപകം
അസംപ്രജ്ഞാതനാമായം സമാധിർയോഗിനാം പ്രിയഃ
പ്രഭാശൂന്യം മനശൂന്യം ബുദ്ധിശൂന്യം ചിദാത്മകം
അതദ്വ്യാവൃത്തി രൂപോസ്ഃ സമാധിർമുനിഭാവിതഃ

ശ്രീരാമ ഗീ–സമാധി–12

പ്രശാന്തവൃത്തിയോടും അതായതു് വൃത്തിയടങ്ങിയ

ചിത്തത്തോടും, പരമാനന്ദപ്രകാശം വിതറുന്ന ദീപസമാനപ്രഭയോടുകൂടിയതുമായ അസംപ്രജ്ഞാത നാമത്താൽ കുറിക്കപ്പെടുന്ന സമാധി, യോഗികൾക്ക പ്രിയങ്കരമാണ്.

പ്രഭാപൂരമടങ്ങിയതായും മനസ്സ് ബുദ്ധി ഇവകൾ ശൂന്യമായ് ഭവിച്ചതായും ബോധാത്മകമായി പരിലസിക്കുന്നതും അതു് നിതാന്തം അനുകരിച്ചു നിലകൊള്ളുന്നതുമായ സമാധിയെയാണ് മുനിമാർ ഭാവനചെയ്യുന്നതു്.

ഇതു രണ്ടുമല്ലാത്ത ഒരു നിലയിലാണ് പ്രാണൻ. പ്രാണൻ, ജീവനാകുന്നില്ല, ആത്മാവുമാകുന്നില്ല. എന്നാൽ മറ്റൊരുവിധത്തിൽ അതായതു് മനസ്സിന്റേതല്ലാത്ത ഒരു തരത്തിൽ പ്രാണൻ നിലകൊള്ളുന്നതുകാണാം. ഇതു് വ്യാനന്റെ പ്രവത്തനമാണ്. ഇതു് ഉജ്ജ്വലത്തായ ഫൂൽക്കാരശബ്ദത്തോടെ തലമുടി ഉൾപ്പെടെയുള്ള സകല രോമകൂപങ്ങളിൽകൂടെ പ്രൊജ്വലിച്ചു് ബഹിർഗമിക്കുന്നു. ഇതിന്റെ ശക്തി വിശേഷത്താൽ ദേഹവിസ്മൃതി സംഭവിക്കുകയും ആത്മഭാവം ഉറക്കയും ചെയ്യുന്നുണ്ടു്. ഇതുകൊണ്ടു് ഞാൻ പറയുന്നതു് ജീവാഗ്നി സുഷുമ്നയിൽ പ്രവേശിച്ചു് ആധാരങ്ങൾ കടന്നു് സഹസ്രാരത്തിലെത്തുമ്പോൾ ദേഹവിസ്മൃതിയും ആത്മാനുഭവവും ജ്യോതിസ്സാം ജ്യോതി പ്രഭാവവും അനുഭവപ്പെടുന്നു. മനസ്സ് ശുദ്ധീകരിക്കപ്പെട്ടു് തിരോഭവിച്ചു കഴിയുമ്പോൾ ബോധാത്മാ വഴിയേ തെളിഞ്ഞു് മഹോദയത്തെ ചെയ്തു് വിഹരിക്കുന്നു. ഇങ്ങനെ അഗ്നി വായു മനസ്സുകൾ എല്ലാം ആത്മാന്വേഷണത്തിൽ സഹായികളായി കൂട്ടനിൽക്കുന്നുണ്ടു്. ഇവകളെല്ലാം ശരീരാംശങ്ങളാണ്, ശരീരമാദ്യം ഖലുധർമ്മസാധനം.

ആധി ഭൗതികം, ആധി ദൈവികം അദ്ധ്യാത്മികം ഇങ്ങനെ മൂന്നുവിഭാഗം ശാസ്ത്രം കാട്ടുന്നുണ്ടു്. ആധിഭൗതി–

കം ശുദ്ധിയെ ചെയ്യുന്നതു് രാഷ്ട്രത്തിന്റേയും മാനവരാശിയുടേയും നന്മയെ ചെയ്യലാണ്. വേദത്തിൽ ഇതിനു വളരെ പ്രാധാന്യം കാട്ടുന്നുണ്ടു്. വേദം ലോകത്തിന്റേതാണ്. മനുഷ്യരാശിയുടേതുമാണ്. ആധിദൈവികമെന്നതുകൊണ്ടു് കാട്ടുന്നതു് മനപ്രാണേന്ദ്രിയങ്ങളുടെ ശുദ്ധിയെ ചെയ്യലാണ്. മനോഹിദ്വിവിധം പ്രോക്തം ശുദ്ധഞ്ചാശുദ്ധമേവച, അശുദ്ധം കാമസങ്കൽപ്പം. ശുദ്ധം കാമവിവർജ്ജിതം. മനഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃബന്ധായ വിഷയാസക്തം മുക്തം നിർവിഷയംമനഃ മനസ് കേവലമവിദ്യ തന്നെയെന്നു പറയണം. അവിദ്യാസ്തമയോ മോക്ഷ എന്നുണ്ടാപ്തവാക്യവും, അപ്പോഠം മനസ്സുതന്നെ ഇല്ലാതായേ മോചനം സാധ്യമാകൂ. മനോനാശം മഹോദയമെന്നും ശ്രുതിയുണ്ടു്.

ജീവൻ ബ്രഹ്മമാകണമെങ്കിൽ ജീവിക്കൽ എന്ന പ്രസ്ഥാനമുപേക്ഷിക്കണം. പിന്നെ ജീവനെത്തുപെടുന്നതു് ആത്മ വടിവിലാണ്.

പ്രശാന്തവൃത്തികം ചിത്തം പരമാനന്ദദീപകം
അസംപ്രജ്ഞാത നാമായം സമാധിർയോഗിനാംപ്രിയ
പ്രഭാശൂന്യം മനശൂന്യം ബുദ്ധിശൂന്യം ചിദാത്മകം
അതദ്വ്യാവൃത്തിരൂപോസിഃ സമാധിഃ മുനിഭാവിതഃ

ശ്രീരാമഗീ–സമാധി

വൃത്തിയടങ്ങിയ ചിത്തത്തോടും, പരമാനന്ദപ്രഭ പരിലസിക്കുന്ന ദീപനംചെയ്തു നിൽക്കുന്ന അസംപ്രജ്ഞാതനാമത്താൽ കുറിക്കപ്പെടുന്ന സമാധിയോഗികാംക്കു് പ്രിയങ്കരമാണ്.

ഊർദ്ധ്വപൂർണ്ണമധഃപൂർണ്ണ
മദ്ധ്യപൂർണ്ണം ശിവാത്മകം

ആതദ്ധ്യാവൃത്തിരൂപോസി

സമാധിർമുനി ഭാവിത [ശീരാമ സ. 14

മുകാം മുഴവൻ, തന്നാൽ നിറയപ്പെട്ട് പൂർണ്ണമായും, കീഴ്ഭാഗം അതുപോലെ നിറവുററു നിലനിൽക്കുന്നതായും, മദ്ധ്യഭാഗവും അതേപടി നിറവുററുനിൽപ്പതായ് അനുഭവപ്പെട്ടകയും ചെയ്തുകൊണ്ടു് മംഗളാത്മാവായി നിലകൊള്ളും നിലയെ വിധിമുഖസമാധിയെന്നു പറയപ്പെടുന്നു.

ഇനിയും നിത്യമുക്തതയിൽ ശരീരവടിവെങ്ങനെയെന്നു നോക്കാം.

ശരീരമുപേക്ഷിച്ചു് സമാധിയിൽ ലയിച്ചു് നിർവാണമണയുകയാണ് സാധാരണ കണ്ടുവരുന്നതു്.

ഇതുംപോരായെന്നഭിപ്രായമുള്ളവരുണ്ടു്. ഇവർ പറയുന്നതു് ഒരുത്തൻ സമാധിയിൽ ലയിച്ചാൽമാത്രം പോരാ അവൻ പ്രഭയായി അതായതു് പ്രകാശമായി സൂക്ഷ്മകാരണ ശരീരങ്ങളില്ലാത്തവരാകണം. അല്ലെങ്കിൽ യോഗാഗ്നിയിൽ പ്രവർത്തിച്ചു് അഗ്നിതന്മാത്രകളായ് ഭവിച്ചു് അതും ഇല്ലെന്നു കണ്ടെത്തണം. മറെറാന്നു് [ശീരാമചന്ദ്രനേയും [ശീരാമതീർത്ഥ സ്വാമിയേയുംപോലെ ജലമായ് ഭവിച്ചു് പഞ്ചഭൂതാത്മകമായി തൻവടിവററു നീങ്ങണം. ഈ മാർഗ്ഗങ്ങളിലെല്ലാം പ്രവർത്തിച്ച വിജയിച്ചവരുണ്ടു്. [ശീ ലക്ഷ്മണൻ ശ്രീകൃഷ്ണൻ മുതൽപേർ. അല്ലാതെ സൂക്ഷ്മശരീരിയായിത്തീർന്നാൽ കാത്തിരുന്നു പാർക്കാൻ പറയും. അതായതു് ഏതു ശരീരമവശേഷിച്ചാലും അതു് [ഭഷ്ടാണെന്നാണവർതൻമതം.

മനുഷ്യാത്മാ പഞ്ചകോശങ്ങൾക്കകത്താണെന്നു പറയപ്പെടുന്നു. അന്നമയ, പ്രാണമയ, മനോമയ, വിജ്ഞാനമയ, ആനന്ദമയ കോശങ്ങളാൽ മൂടപ്പെട്ടിരിക്കയാണു്. ഈ–

കോശങ്ങളെല്ലാം കടന്നു് ആനന്ദാനുഭവരസ സംപൃഷ്ടനായിരുപ്പതേ മുക്തി എന്നുവരുന്നതിൽ തെററില്ലല്ലോ. അതേപോലെ സപ്തഭൂമികളും കടന്നുചെന്നാൽ മോചനസാദ്ധ്യത കാണാം. അതുപോലെതന്നെയാണ് ഷഡാധാരങ്ങളുംതാണ്ടിചെന്നാലും മോചനം കണ്ടെത്താം.

ഇതുപോലെ അതിപ്രധാനമാണ് സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളും വ്യക്തം ത്യജിച്ച് തുരീയത്തിലെത്തുന്ന ആത്മവാനും അത്ഭുതൻ തന്നെയാണ്. ഇതിനെ മുമ്പേതോ അവസരത്തിൽ കുറിച്ചിട്ടുള്ളതാണെങ്കിലും തീഷ്ണതയാൽ ഒന്നുകൂടിപറയുക ആവശ്യംതന്നെ എന്നുകരുതി പുനരാവൃത്തിദോഷത്തെ അവഗണിച്ചു വീണ്ടും അൽപ്പമൊന്നു വിവരിക്കുന്നു.

ജാഗ്രത് സ്വപ്ന സുഷുപ്തി തുരീയം എന്ന് നാലു ബോധമുഖങ്ങളാം ആത്മാവിനുണ്ട്. അല്ലാതെ അഞ്ചാമതൊന്നുള്ളതായി കാണുന്നില്ല.

ജാഗ്രത്തിൽ സ്ഥൂലം കളിക്കും സ്വപ്നേസൂക്ഷ്മം സുഷുപ്തോ കാരണവും കളിക്കും. തുരീയേബോധംകളിക്കും. ഇങ്ങനെ കളിക്കുംവിധമറിക.

ജാഗരിതസ്ഥാനോബഹിഃപ്രജ്ഞ
സപ്താംഗ ഏകോനവിംശതിമുഖഃ
സ്ഥൂലഭുഗ്വൈശ്വാനരപ്രഥമപാദ.

മാണ്ഡൂക്യം

ജാഗരിതസ്ഥാനം ബഹിഃപ്രജ്ഞയെ ചെയ്യുന്നതാണ്, അതായതു് ബാഹ്യവിഷയ പ്രജ്ഞനാണ്, അതായതു് ബാഹ്യത്തിൽ വിഷയത്തെ ജഗത്തിനെ കണ്ടെത്തുന്നതായി

കാണും പ്രജ്ഞയോടൊത്തവനാണ് ബഹിഃപ്രജ്ഞൻ, സപ്താംഗങ്ങരം എന്ന വിവരണത്തിൽ അസ്ഥി, ഭാതി, പ്രിയം, നാമം, രൂപം, കാലം, ദേശം എന്ന ജാഗ്രത് പ്രതീതി ഉളവാക്കുന്ന അംഗങ്ങളെയാണ് ഈ ഇവൻ എടുത്തുകാട്ടുന്നതു്. ഇതിൽ തൃപ്തരല്ലെങ്കിൽ ശ്രീ ശങ്കരഭഗവത്പാദർ ഛാന്ദോഗ്യത്തെഉദ്ധരിച്ചു വെളിപ്പെടുത്തിയിരിക്കുന്ന വൈശ്വാനരൻെറ മൂർദ്ധാവു് ദ്വിലോകവും, ചക്ഷുസ് സൂര്യനും, പ്രാണൻ വായുവും, ദേഹമദ്ധ്യം വിസ്ഥാരമേറിയ ആകാശവും, വസ്തി അന്നത്തിനു ഹേതുവായ ജലവും, പാദങ്ങരം പൃഥിവിയുമാകുന്നു. ആഹവനീയാഗ്നിമുഖമായും പറയപ്പെടുന്നു. ഇതിനെ സ്വീകരിക്കാം.

ഏകോനവിംശതിമുഖഃ ജ്ഞാനേന്ദ്രിയങ്ങരം അഞ്ചു്, കർമ്മേന്ദ്രിയങ്ങരം അഞ്ചു്, പ്രാണനഞ്ചു്, മനസ്, ബുദ്ധി, അഹങ്കാരം, ചിത്തം, ഇങ്ങനെയാണ് പത്തൊൻപതു മുഖങ്ങരം. സമഷ്ടിയിൽ വിവരിക്കപ്പെടുന്നവിരാട്ടിനെതന്നെയാണ് വ്യഷ്ടിയിൽ വന്നപ്പോരം വൈശ്വാനരപദം കൊടുത്തു് കുറിക്കപ്പെടുന്നതു്.

സ്വപ്നസ്ഥാനോ അന്തപ്രജ്ഞ സപ്താംഗ
ഏകോനവിംശതിമുഃഖഃ പ്രവിവിക്തഭുക്
തൈജസോത്രിതീയ പാദഃ

മാണ്ഡൂക്യം–4

സ്വപ്നാവസ്ഥയിൽ നിലകൊള്ളുന്നവനും അന്തഃപ്രജ്ഞനും ഏഴവയവവും പത്തൊൻപതു മുഖത്തോടുകൂടിയവനും; മാനസസൃഷ്ടങ്ങളെ അനുഭവിക്കുന്നവനുമായ തൈജസൻ രണ്ടാമവസ്ഥയാകുന്നു,

യത്രസുപ്തോന കംചന കാമ കാമയതേ
നകംചന സ്വപ്നപശ്യതിതത് സുഷുപ്തം

സുഷുപ്തസ്ഥാനോ ഏകീഭൂതഃപ്രജ്ഞാനഘന
ഏവാനന്ദമയോഹ്യാനന്ദ ഭുഃഖ ചേതോമുഖഃ
പ്രാജ്ഞ സ്തൃതീയപാദഃ

മാണ്ഡൂക്യം–5

യാതൊരവസ്ഥയിലാണോ ഒരുവൻ യാതൊരാഗ്രഹത്തേയും ആഗ്രഹിക്കാതിരിക്കയും ഒന്നിനേയും സ്വപ്നം കാണാതിരിക്കയും ചെയ്യുന്നതു് ആ അവസ്ഥയെ സുഷുപ്തമെന്നു പറയുന്നു. സുഷുപ്ത സ്ഥാനമെന്നതു് ഏകീഭവിച്ചതായിരിക്കുന്നതും അതായതു് ശരത്കാലത്തു് തിരഅടങ്ങിയ കടലിൽ നീലിമ നിറവുററുനിന്നു് ഘനീഭവിച്ചനില്ക്കുംപോലെ പ്രജ്ഞാനം ഘനീഭവിച്ചുകാണുകയും ആനന്ദത്തെ തടസമന്യേ നൽകിക്കൊണ്ടിരിക്കുകയും, അതായതു് തടസമില്ലാതെ ഭുജിച്ചുകൊണ്ടിരിക്കുകയും ചെയ്യും ചേതനനെ ഉന്നി നിലകൊള്ളുന്നവനുമായ പ്രാജ്ഞനെ മൂന്നാം പദമായി പറയപ്പെടുന്നു.

ഏഷസർവ്വേശ്വര ഏഷസർവ്വജ്ഞ
ഏഷോ അന്തര്യം മേഷയോനിഃ
സർവ്വസ്യപ്രഭവപ്യയൗഹിഭൂതാനം

മാണ്ഡൂക്യം

ഇവൻ സർവ്വേശ്വരൻ ഇവൻ സർവ്വജ്ഞൻ
ഇവൻ എല്ലാററിനുമുള്ളിൽ നിലകൊള്ളുവോൻ
സർവ്വോൽപ്പത്തി സ്ഥാനവുമിവൻതന്നെ,
സർവ്വ ഭൂതങ്ങളുടേയും ഉത്ഭവലയസ്ഥാനവും
ഇവനേ ഇവൻ.

നാന്തപ്രജ്ഞം നബഹിപ്രജ്ഞം
നോഭയതപ്രജ്ഞം നപ്രജ്ഞാനഘനം

നപ്രജ്ഞം നാപ്രജ്ഞം അദൃശ്യ—
മവ്യവഹാര്യമഗ്രാഹ്യമലക്ഷണം
അചിന്ത്യമവ്യപദേശ്യമേകാത്മ
പ്രത്യയസാരം പ്രപഞ്ചോപശമം
ശാന്തം ശിവമദ്വൈതം
ചതുർത്ഥം മന്യന്തേ സ ആത്മാ
സവിജ്ഞേയഃ മാണ്ഡൂക്യം

ഉപനിഷത് മന്ത്രങ്ങളിൽ അതിശ്രേഷ്ടങ്ങളിലൊന്നായ ഈ മന്ത്രത്തെ വേദാന്തീമനസിരുത്തി പഠിക്കതന്നെ വേണം. ഉള്ളിലുള്ളവയെ അറിയുന്നവനായി അന്തർമുഖ പ്രജ്ഞയാന്ന വനോ അതുമല്ലെങ്കിൽ ഉള്ളോട്ടു പ്രജ്ഞാമുഖനായിട്ടിരിക്കുന്ന വനെന്നോ അതുമല്ലെങ്കിൽ ഉള്ളിലുള്ള അറിവിനെ അറിയുന്ന വനെന്നോ അതായതു് സ്വപ്നപൂരുഷം ആയി ഭവിച്ചവ നോ ഉള്ളപുറങ്ങളില്ലാ ആത്മാവിനു് അന്തപ്രജ്ഞാനാമം അംഗീകാരമല്ലായ്കയാൽ—ന അന്തപ്രജ്ഞ എന്നു ശ്രുതി സമ്മതമായി കൈക്കൊണ്ടു.

ബഹിപ്രജ്ഞനെന്നായാൽ ജീവൻ തന്റെ ജാഗ്രബോ ധസ്രോതസിൽ കണ്ടെത്തിയ ജഗത്ത് ജീവജഡസംമ്മിശ്ര മായ ഒന്നിനെ അംഗീകരിക്കേണ്ടിവരും. ജഗത്താവട്ടെ അസ്തിഭാതിപ്രിയത്തെ അതായതു് സച്ചിദാനന്ദത്തെ വേണ്ട വിധത്തിൽ നിലനിത്തുന്നില്ല. വിശ്വവിലക്ഷണമാണ് ബ്രഹ്മം ആകകൊണ്ടും അതുപോലെയുള്ള മററു കാരണങ്ങളെ കൊണ്ടും, ജാഗ്രബോധസ്രോതസായ ജാഗ്രതോന്മുഖ ബഹി ഷ്പ്രജ്ഞനും ആത്മാവല്ലായ്കയാൽ — ന ബഹിഷ്പ്ര ജ്ഞാസിദ്ധാന്തമംഗീകൃതമായി. അതുപോലെതന്നെ ഉള്ളിൽ നടക്കുന്ന ഒന്നും ജീവനറിയാത്തതുപോലെ അറിവവ്യക്ത നില എട്ടുക്കും. ആകകൊണ്ടും ബഹിർ പ്രജ്ഞാവാദം ത്യ—

ജിച്ച്—നബഹിർപ്രജ്ഞനെന്ന് അംഗീകരിച്ച് സിദ്ധാന്ത, സമ്മതത്തെ ചെയ്യണം.

ഇനിയും ഇതു രണ്ടുമല്ലാതെ ഉഭയസമ്മതമാക്കാനോ തങ്കാശിയിൽ തീർക്കാനോ ഭാവിച്ചാൽ അതും ശ്രുതി സമ്മതമാകയില്ല. ബ്രഹ്മത്തിനു് ഉള്ള പുറങ്ങൾ സമ്മതമല്ല. കാരണം, മുൻനിലകൾ താങ്ങാൻ വൈശ്വാനരനും തൈജസനും കൈകടത്തിയപോലെ ഇവിടെ സുഷുപ്ത പുരുഷൻപോലും കൈകടത്തുന്നില്ല. സുഷുപ്ത പുരുഷനോ സുഷുപ്ത പ്രജ്ഞയ്ക്കോ ഉള്ളപുറങ്ങൾ കണ്ടെത്തിയിട്ടില്ല. പിന്നെങ്ങനെ ബ്രഹ്മമാം പ്രജ്ഞാനത്തിൽ ഉള്ളപുറങ്ങൾ നിഴലിക്കും. ആകകൊണ്ടു്-നോഭയത പ്രജ്ഞയും– സിദ്ധാന്തവിധേയമായി

അടുത്തതു്—നപ്രജ്ഞാനഘനം—എന്നതിലേക്കു കടക്കാം. പ്രജ്ഞാനഘനം എന്ന പ്രയോഗം ശാസ്ത്രന്യൂനത കാട്ടലാണ്. അതെങ്ങനെയെന്നു പറയട്ടെ.

പ്രജ്ഞാനം ബ്രഹ്മ എന്ന മഹാവാക്യം സിദ്ധാന്തസമ്മതമാണ്. എന്നാൽ പ്രജ്ഞാനഘനമെന്നതു് നിഷേധിക്കപ്പെട്ടതെന്തുകൊണ്ടു്.

ആകാശം അരൂപമാണ്. എന്നാൽ അതു് നെട്ടനെട്ടനായും, അഗാധമായും കാണുമ്പോൾ മായഭ്രാന്തിയോ കേവലഭ്രാന്തിയോ കാരണാൽ നീലിമ കണ്ടെത്തും. അപ്പോലെ ഘനലക്ഷണം പ്രജ്ഞാനേചാർത്തിയാൽ ഭ്രാന്തി ബാധിക്കും ആകകൊണ്ടു് പ്രജ്ഞാനം ബ്രഹ്മമെന്നു വന്നതുകൊണ്ടു് പ്രജ്ഞാനഘനം ബ്രഹ്മമാകയില്ല. ആകകൊണ്ടു് ന പ്രജ്ഞാനഘനം അംഗീകൃതമായി.

അടുത്തതു് — ന പ്രജ്ഞമാണ് — അതും പഠിക്കാം.

പ്രജ്ഞയോടുകൂടിയവൻ എന്നു പറയാൻവയ്യ അതു് അറിയു ന്നവനല്ല അറിയാത്തവനല്ല അറിവേ വടിവായ് നില കൊാംവവനത്രേ എന്നു പറയണം. ന പ്രജ്ഞം അറിയാത്ത വനല്ല.

അടുത്തതു് — അദൃശ്യം ദൃശ്യവിധേയമല്ലാത്തവൻ.

അവ്യവഹാര്യം — വ്യവഹാരവിധേയനല്ലാത്തതു്
അഗ്രാഹ്യം — ഗ്രഹിക്കാൻ, അറിയപ്പെടാൻ സാദ്ധ്യമല്ലാത്തതു്
അലക്ഷണം — ലക്ഷണഹീനമായുള്ളതു്
അചിന്ത്യം — ചിന്താതീതമായുള്ളതു് ചിന്തക്കു് വിധേയമല്ലാത്തതു്
അവ്യപദേശ്യം — നിർണ്ണയിക്കാൻ സാധ്യമല്ലാത്തതു് അനിർവ്വചനീയമായുള്ളതു്
ഏകാത്മ പ്രത്യയസാരം—ആത്മാ ഒന്നു മാത്രമായുള്ളതാണെ ന്ന വചനത്തിനു് കരുവായ് മുള യായ് നിലകൊള്ളുന്നതു്
പ്രപഞ്ചോപശമം — യാതൊന്നിൻെറ സാന്നിദ്ധ്യമുണ്ടാ കുമ്പോൾ പ്രപഞ്ചം ഇല്ലെന്നായി ട്ടെത്തുപ്പെടുമോ അതു്
ശാന്തം — ക്ഷോഭമേററതു്-ശമിക്കപ്പെട്ടതു്
ശിവം — മംഗളത്തെ ചെയ്യുന്നതു് ഐശ്വര്യത്തെ കൊടുക്കുന്നതു്
അദ്വൈതം — രണ്ടില്ലാത്തതു്—രണ്ടല്ലാത്തതു്
ചതുർത്ഥം — നാലാമത്തേതു്—തുര്യം
മന്യന്തേ — മഹത്തുക്കളാലറിയപ്പെട്ട
സ ആത്മാ — അതത്രേ ആത്മാ
സവിജ്ഞേയ — അതത്രേ അറിയേണ്ടതു്

ഇത്രയും പറകകൊണ്ടു് ശാസ്ത്രത്തിൻെറ സാമാന്യ വി വരണവും സിദ്ധാന്തവത്ക്കരണവും നടന്നു എന്നു കരുതുക.

ഇനിയും നമുക്ക് ഇതിൻെറ വിശേഷവിധിയും പ്രായോ ഗിക വിജ്ഞാനവും കണ്ടെത്താം.

ഓം ശ്രീ ഗുരവേ നമഃ

സമാധികരം പലതും അനുഭവവിവരണസമേതം കാട്ടാൻ ശ്രമിക്കാം, മുൻഗ്രന്ഥങ്ങളിൽ പലതിലും കുറെയേറെ പറഞ്ഞിട്ടുണ്ട്. ആയവ ആവർത്തിക്കുന്നില്ല. ദേവതാ സാക്ഷാത്ക്കാരത്തിലും മററു സമാധികളിലും തൻെറ ഉള്ളിൽനിന്നും തന്നെ അനുഭവമാവിർഭവിക്കണം. അല്ലെങ്കിൽ അതദ്വൈതത്തെ ചെയ്കയില്ല. ആയപോലാകാശവടിവിൽ അത്യന്തശ്രദ്ധേയനായിരിക്കണം.

അതു സഹജമാവുമ്പോരം വൃത്തിയായിട്ടനുഭവപ്പെടും. അതറിയാൻ സാധിക്കും. ആദ്യത്തേതിനെ മഹാകാശവടിവെന്നും രണ്ടാമത്തേതു് അഖണ്ഡാകാരവൃത്തിയെന്നും പറയും. ഇവിടെ തീർച്ചയായും ശ്രവണസമാധികരം ആവിർഭവിക്കും, ഇവിടമെല്ലാം ഞാൻ മുൻഗ്രന്ഥങ്ങളിൽ തന്നിട്ടുണ്ട്. ഈ വിവിധങ്ങളായ നാദങ്ങളും ഫൂൽക്കാരവും ജിജ്ഞാസുവിനെ തൃപ്തനാക്കി മുന്നോട്ടുവിടും. ഇവിടെങ്ങും നിൽക്കരുതു്, ഇത്രയുമാവുമ്പോഴേക്കും ഇവൻ ശുദ്ധരിൽ ശുദ്ധനും ആനന്ദമാത്രസ്വഭാവനുമാവും. ഇവിടേയും നിൽക്കരുതു്, പെരുമ്പറ നാദത്തിൻെറ മുഴക്കം ഓങ്കാരധ്വനിയിൽ മുഴമിക്കും. ഈ ധ്വനി ഉടലുരുവേ നിറവുററ് പൂരിതമാകും. ഇവിടെയാണെ–ഥാർത്ഥ ശബ്ദഗുണകമാകാശമെത്തപ്പെടുന്നതു്. ഉടലുരുവേ നിറകൊണ്ടു മുഴങ്ങി ജഗത്തുരുവേ മുഴങ്ങും ഇതനുഭവപ്പെട്ടും.

ശബ്ദ ഗുണകമാകാശം—

ഇവനത്രേ ആകാശവടിവാർന്നവൻ. ഈ സാക്ഷാത്കാരത്തിൽ മറെറാന്നും എഴന്നുനിൽപ്പതായി കാണില്ല. താനും ശരീരവടിവാർന്നുകാണില്ല.

ഇവിടം കടന്നാണ് ബ്രഹ്മലക്ഷണം കണ്ടെത്തൽ.

ഇവിടെയാണനന്തസമാധികഠം വിളയുമിടം. അൽപ്പം ഞാൻ വിവരിക്കാം.

ശബ്ദധോരണി മുഴങ്ങും കാലത്തിങ്കൽ കുണ്ഡലിനിയെ ചലിപ്പിച്ചാൽ അഥവാ പരിശുദ്ധി ഏററു ചലിച്ചാൽ അതൽഭുതസമാധികളെ നൽകും. ചിന്താവിഹീനനായി, ആഗ്രഹ നിവൃത്തനായി, വിചാരപരിത്യാഗിയുമായാൽ കുണ്ഡലിനീ തനിയേ ചലിക്കും. ഇതെങ്ങനെയെന്നാൽ മനോവ്യാപാരംകൊണ്ടു മൂടി അടഞ്ഞിരിക്കുന്ന സുഷുമ്നാകവാടം അഥവാ മുഖം തനിയേ തുറക്കപ്പെടും. സ്വപ്രഭാപൂരിതമായി മറെറാന്നുമില്ലായിടമായ ശ്രീ മഹേശ്വരവാസമായ, കാശിയിൽ പ്രവേശിക്കയായി. അവിടെയുള്ള ഓരോ മഹത് സന്നിധാനത്തിലും ചെന്നു് കേട്ടും കണ്ടും തെളിഞ്ഞു പ്രയാണമാരംഭിക്കും.

ഇതിൻെറ പ്രയാണാദി വിവരങ്ങഠം ശ്രീ മഹാദേവീ ഭാഗവതത്തിലും മററും മനോഹരമായി വിവരിച്ചവതരിപ്പിച്ചിട്ടുണ്ടു്.

സംസ്കൃതഭാഷയിലുള്ള അമ്പത്തിഒന്നക്ഷരങ്ങഠം ഷഡാധാരങ്ങളിലുള്ള വിവിധ ദളങ്ങളിൽ ഓരോന്നിലോരോന്നായി കേഠക്കുംവിധം, ആയോഗഭാഗത്തിൽ ശ്രീ മഹാദേവീ ഭാഗവതം പറഞ്ഞുതരുന്നുണ്ടു്, ആകകൊണ്ടു് അതിലേക്കു് കടക്കുന്നില്ല. ഒടുവിൽ ഇതു് സഹസ്രദളത്തിൽ എത്തുമ്പോഠം ഉള്ള കാര്യങ്ങഠം വിവരിക്കാം.

സൂര്യനുദിക്കുമ്പോഠം പൊയ്കകളിലുള്ള താമരപൂക്കഠം എങ്ങനെ വിടരുന്നുവോ, കുനിഞ്ഞുകൂമ്പി നിലകൊള്ളും പൂക്കഠം നൂന്നപൊങ്ങിവിടരുന്നു. ഇതിലെ ഓരോ ഇതളും വിടരുമ്പോഠം "ടിക്കു് ടിക്കു്" എന്ന ശബ്ദംവരെ യോഗി

മനോഹരനിലയിൽ കേറുകകയും ആനന്ദദ്യോതകമായതിനെ ആസ്വദിക്കയും ചെയ്യും. ഇതിൻെറ വികസനം പല അത്ഭുത പ്രതിഭാസങ്ങളും നമുക്ക കാട്ടിത്തരും. ബുദ്ധി ആത്മീയമായി, ശക്തിയായി വികസിക്കും.

ഇതോടൊപ്പം വളരെ വളരെ ഉന്നതങ്ങളായവയും തുരീയനില സ്പുടതരം വെളിപ്പെട്ടുവരുംവിധങ്ങറം, എത്തുപ്പെടും.

ഇവിടെ ഉണ്ടാകും സമാധികളെ ശ്രീരാമഗീത മനോഹരമായവതരിപ്പിച്ച കാട്ടിതന്നിട്ടുണ്ട്. അതു് നമ്മുടെ ഒരു പുസ്തകത്തിൽ കാട്ടിയിട്ടുമുണ്ട്. ഇനിയും നമുക്ക് അറിഞ്ഞു തെളിയുംവിധത്തിലേയ്ക്കൽപ്പം കടക്കാം.

സമാധിയിൽ അരൂപസമാധിയെന്നുപറഞ്ഞാൽ സമാധിനിഷ്ടനായിരിക്കുമ്പോറം രൂപം വിട്ടിരിക്കലാണ്. ഇതു സംഭവിക്കുമ്പോറം ആകാശവടിവനുഭവപ്പെടും. ഈ സമാധിക്ക് മഹാകാശവടിവരാനാ എന്നുപറയാം. ഇതു് സ്വതസിദ്ധമാകുമ്പോറം ഇവനെ വൃത്തിമാനെന്നുകണക്കാക്കാം. എന്നാൽ അഖണ്ഡാകാരവൃത്തിമാൻ എന്നു പറഞ്ഞാൽ ദേഹവിസ്മൃതികൂടി സംഭവിച്ചവനായിരിക്കണം. ഇങ്ങനെയുള്ള സമാധിയെ നിർവ്വികൽപ്പസമാധിയെന്നു പറയും. ഇതു സമാധിസമയത്തു് അനുഭവപ്പെടുന്നതാണ്. എന്നാൽ ഇതിൻെറ സർവ്വദാ അനുഭവപ്പെടുന്ന, കണ്ടുതെളിഞ്ഞവൻ അഥവാ അറിഞ്ഞുതെളിഞ്ഞവൻെറ ഒരു വിവരണം മനസിലാക്കണം.

സരൂപനഷ്ടചിത്താസു-
രഖണ്ഡാകാരവൃത്തിമാൻ
ജീവൻ മുക്തയിതിപ്രോക്താ
സർവ്വമിത്ഥ്യാത്വനിശ്ചയാൽ ശ്രീരാമഗീ

രൂപഭാവന നഷ്ടമാക്കിയവനായ അഖണ്ഡാകാരവൃത്തിമാനെ ജീവൻമുക്തൻ എന്നുപറയുന്നു. എന്തെന്നാൽ. അവൻ സർവ്വം മിഥ്യയെന്നു തീർച്ചചെയ്തുകൊണ്ടാണ് രൂപഭാവനപോലും വിട്ട് അഖണ്ഡാകാര വൃത്തിമാനായിതീർന്നതു്.

ഇവിടെ അൽപ്പം ചിലതുകൂടി വെളിപ്പെടുത്താം.

ദേഹവിസ്മൃതിയാണ്ടവൻ സഞ്ചരിക്കുമ്പോഴം അവന്റെ ശരീരവടിവു് അവനറിയുന്നില്ല. എന്നുമാത്രമല്ലാ, ഒരിടത്തിരുന്നാൽ ഇരുന്നതായറിഞ്ഞെന്നുവന്നാലും ഇരിക്കും ശരീരമവനറിയുന്നില്ല.

ഈ സാക്ഷാത്ക്കാരം, ഇരുന്നഇരുപ്പിലിരുന്ന്, നട്ടവ് നൂത്ത് വടിപോലിരിക്കും സമാധിയല്ല. എങ്ങനിരുന്നാലും എങ്ങിനെ കിടന്നാലും ഇരിക്കും ശരീരത്തേയോ കിടക്കും നിലയേയോ ഒട്ടുപോലുമവനറിയുകില്ല. ഈ പ്രതീതി നടക്കുമ്പോഴം ഇരിക്കുമ്പോഴം നിൽക്കുമ്പോഴം ഒക്കെ ശരീരവിസ്മൃതി: മനോഹാര്യത്തെ ചെയ്തും ആനന്ദമോഹനമായ ഒരത്ഭുതനില അനുഭവപ്പെടുത്തും. ഇവയൊക്കെ അറിഞ്ഞുതെളിഞ്ഞ വടിവാണ്.

ഇനിയും അന്ത്യസമാധികളുടെ കാര്യങ്ങളെടുത്താലോ, അവിടെ ജലസമാധി, അഗ്നിസമാധി, വായുസമാധി, ആകാശസമാധി എന്നെല്ലാം പറയാവുന്ന ചില സമാധികളുണ്ട്.

ഇവയും അൽപ്പം സൂചിപ്പിക്കാം. ജലസമാധി എന്നു പറഞ്ഞാൽ ജലത്തിൽവച്ച് ദേഹവിയോഗം ചെയ്യുക, അഗ്നിസമാധി എന്നാൽ അഗ്നിയിൽ ദേഹവിയോഗത്തിലേർപ്പെടുക എന്ന് കൊട്ടത്താപ്പിനു പറയാമെങ്കിലും ഇവിടെ

അറിഞ്ഞിരിക്കേണ്ടതു് ബീജശരീരത്തെ നാശത്തിലെത്തിച്ചിട്ടു് ആത്മവാനായിമാറും നിലയെയാണ് നാമെടുക്കേണ്ടതു് എന്നാണ്.

വെള്ളത്തിൽ ചാടി മരിക്കുന്നവൻ വെള്ളംകുടിച്ചു് ചാകുംപോലെയോ, അഗ്നിയിൽ ചാടി മരിക്കുന്നവൻ കത്തിക്കരിഞ്ഞു ചാകുംപോലയോ അല്ല, പിന്നെങ്ങനെ എന്നു ചോദിച്ചാൽ തന്റെ ഉടമ്പ് യോഗാഗ്നിയായി മാറി അവശിഷ്ടമില്ലാതായിത്തീരുകയാണു വേണ്ടതു്. ശ്രീ ലക്ഷ്മണനും ശ്രീകൃഷ്ണനും എന്നല്ലാ പല യോഗികളും അഗ്നിസമാധിയടഞ്ഞതായി പറയുന്നുണ്ടു്. അതുപോലെ ജലസമാധിയിൽ തന്റെ തടി വെള്ളത്തിൽ ഒഴകിപ്പോകുന്നതായിട്ടാരുംപറഞ്ഞിട്ടില്ല. ആ ഉടമ്പുകൾ മറഞ്ഞ് ആ ജലം തീർത്ഥമായിതീർത്ത് ലോകോദ്ധാരണം ചെയ്കലാണ് സൂചിതം. ഇവിടെ ശ്രീരാമനും, ശ്രീരാമതീർത്ഥനും, അപ്രകാരമാണ് ചെയ്തതു്.

ഇത്രയും പറഞ്ഞ് ഞാനീഭാഗം നിറുത്തുന്നു.

ഓം

ശ്രീ ഗുരവേ നമഃ

ഈശ്വരൻ നമ്മോട്ട
മിണ്ടുവതെന്തിന്
മാനുഷർ കേവലം
പാവങ്ങളല്ലയോ

ലോകമഖിലവും
ഈശൻെറയല്ലയോ

വൻപുഴ ഉണ്ടാക്കി
ലോകമൊഴുക്കലൊ-
ണാ പുള്ളിതൻകളി

അയ്യയ്യോ ഭയാനകം
എവിടുന്നാണൊഴുകുവതു്
എവിടേയ്ക്കാണൊഴുകുവതു്
എന്തോന്നാണൊഴുകുവതു്
എന്തിനാണൊഴുകുവതു്

ഭൂലോകമൊഴുകുന്നയ്യോ
സൂര്യനുമൊഴുകുന്നേ
നക്ഷത്രജാലമതങ്ങ—
ഖിലവുമൊഴുകുന്നേ

മലവെള്ളമിളകുമ്പോഴാ
മലമ്പുഴവെന്നപോലെ
മനുഷ്യനുമൊഴുകുന്നേ

എങ്ങോട്ടെന്നാരറിവൂ
എന്തിനെന്നാരറിവൂ
എന്നിട്ടു പേടിക്കുടാ
തൊഴുകുന്നേ ഒഴുകുന്നു

ഒഴുകുന്ന മാടനതും
ഒഴുകുന്ന കാടനതും
ഒഴുക്കിലങ്ങൊപ്പമൊപ്പം

സ്വരൂപ വിശ്രുത
ദേഹവിനാശേ
നിറഞ്ഞ ബലൂണ-
തിൻ കാററങ്ങു-
പോയതുപോലെ

അടിഞ്ഞുനിരന്നങ്ങു
താണതുനിലപററും
ഇവിടെയുമുണ്ടേ ലേശം

അരൂപനഷ്ടചിത്തൻെറ
രൂപനാശ സമാധിയിൽ
കാണില്ലല്പംപോലും
കട്ടിലങ്ങവശേഷിക്കും

യാതൊന്നിൻ നാശമതിൽ
യാതൊന്നു കണ്ടെത്തുമോ
അതുതാൻ ശേഷിപ്പതു്
അതുതാൻ ശേഷനതും
അതുതാനാനന്ദമാവതും.

ഓം തത് സത്.

ഓം

ശ്രീ ഗുരവേ നമഃ

കർമ്മങ്ങളഖിലംവിട്ടു
ശ്രീധരനവശേഷിപ്പൂ

കർമ്മമതെല്ലാമമ്മ-
യ്ക്കർച്ചനമായീടട്ടേ!

പൂർണ്ണത്തിൽനിന്നും മാററും
പൂജ്യമെന്നതുപോലെ
അഖണ്ഡൈകരസമഗ്നൽ
ശ്രീധരൻ മായുന്നെങ്കിൽ
ആയതും നടക്കട്ടേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ